മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*331)

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം സുഗമമാക്കാൻ നടപടി

1 (*331) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. ജോയി:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രയൽ റണ്ണിനൊരുങ്ങുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ അംഗീകാരങ്ങളും അനുമതിയും നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇനി ഏതെല്ലാം അനുമതിയും അംഗീകാരങ്ങളുമാണ് ലഭ്യമാകാനുള്ളതെന്ന് അറിയിക്കുമോ;

(സി) അനുമതികൾ സമയബന്ധിതമായി നേടിയെടുക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ഡി) കസ്റ്റംസ് പോർട്ട് എന്ന അംഗീകാരം ലഭിച്ചതിലൂടെ ഏതെല്ലാം പ്രവർത്തനങ്ങളാണ് വിഴിഞ്ഞം തുറമുഖത്ത് നടത്താൻ സാധിക്കുന്നതെന്ന് വിശദമാക്കാമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ) കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 7a പ്രകാരമുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ കസ്റ്റംസ് തുറമുഖമായി അംഗീകരിച്ചുകൊണ്ടുള്ള ഡിക്ലറേഷൻ 15-06-2024-ന് ലഭ്യമായിട്ടുണ്ട്.

കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 8 പ്രകാരമുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. സെക്ഷൻ 9 പ്രകാരം ലാൻഡിംഗ് ഏരിയയുടെയും കസ്റ്റംസ് ഏരിയയുടെയും പരിധി വ്യക്തമാക്കുന്ന വിജ്ഞാപനത്തിന്മേലുള്ള അംഗീകാരം 24-06-2024-ന് ലഭ്യമായിട്ടുണ്ട്.

കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 45-ന്മേൽ തത്വത്തിൽ അംഗീകാരം ലഭിച്ചു. കസ്റ്റംസ് ഏരിയ റഗുലേഷൻ 2009-ലെ ചട്ടം 5 പ്രകാരം കാർഗോ കൈകാര്യം ചെയ്യുന്നതിനുള്ള അംഗീകാരം 24-06-2024-ന് ലഭിച്ചിട്ടുണ്ട്.

വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ടിനായുള്ള ലൊക്കേഷൻ കോഡ് (IN NYY1) 21-06-2024-ന് ലഭ്യമായിട്ടുണ്ട്

(ബി)

- EDI (Electronic Data Interchange) അംഗീകാരം ലഭ്യമാകാനുണ്ട്.
- കസ്റ്റോഡിയൻ കോഡിനുള്ള അംഗീകാരം ലഭ്യമാകാനുണ്ട്.
- ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് (ICP) ക്ലിയറൻസ് ലഭിക്കാനുണ്ട്.
- വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ടിന് 28-03-2024-ന് ലഭ്യമായ NSPC-യുടെ ഇടക്കാല ക്ലിയറൻസിന് 07-10-2024 വരെ കാലാവധിയുണ്ട്. പൂർണ്ണ അംഗീകാരത്തിനുള്ള ആഡിറ്റ്/ഇൻസ്പെക്ഷൻ ജൂൺ 2024-ൽ നടന്നിരുന്നു, അംഗീകാരം പ്രതീക്ഷിക്കുന്നു.
- International Code for the Security of Ships and of Port Facilities (ISPS Code) പ്രകാരം നിബന്ധനകൾ പാലിക്കുന്നതിന്മേലുള്ള ഇടക്കാല അംഗീകാരം 02-04-2024-ന് ലഭ്യമായിട്ടുണ്ട്.

(സി) കസ്റ്റംസ് പ്രിവന്റീവ് ഡിപ്പാർട്ട്മെന്റിന്റെയും സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സ് ആൻഡ് കസ്റ്റംസ് (CBIC) ബോർഡിന്റെയും

വ്യവസ്ഥകൾ/ആവശ്യങ്ങൾ പാലിച്ചതിന്റെ അടിസ്ഥാനത്തിലാണ് മേൽ സൂചിപ്പിച്ച വിവിധ കസ്റ്റംസ് അനുമതികൾ തുറമുഖത്തിന് ലഭിച്ചത്.

ചുവടെപ്പറയുന്ന തുറമുഖ ഘടകങ്ങളുടെ പൂർത്തീകരണത്തിന് നടത്തിയ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനുശേഷമാണ് മറ്റ് അനുമതികൾ ലഭിച്ചത്.

ബ്രേക്ക് വാട്ടർ: 2960 മീറ്റർ ബ്രേക്ക് വാട്ടറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. സംരക്ഷണഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു.

കണ്ടെയ്നർ ബർത്ത്: 800 മീറ്റർ കണ്ടെയ്നർ ബർത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതിൽ 400 മീറ്റർ പ്രവർത്തനസജ്ജമാണ്.

തുറമുഖത്തെ NH-66-മായി ബന്ധിപ്പിക്കുന്ന എൻ.എച്ച്. റോഡ് കണക്റ്റിവിറ്റി: ആകെ 1700 മീറ്റർ നീളമുള്ള നാലുവരിപ്പാതയുടെ ആദ്യത്തെ 600 മീറ്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. റോഡിന്റെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

തുറമുഖത്തേയ്ക്കുള്ള യന്ത്രസാമഗ്രികൾ (കാർഗോ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയിനുകൾ): ആകെ 31 ക്രെയിനുകൾ വിഴിഞ്ഞം തുറമുഖത്ത് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 23 CRMG ക്രെയിനുകളും 8 RMQ ക്രെയിനുകളുമാണ് ഉൾപ്പെടുന്നത്. ഇവയുടെ കമ്മിഷനിംഗിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

തുറമുഖത്തേയ്ക്കുള്ള യന്ത്രസാമഗ്രികൾ (ക്രെയിനുകൾ അല്ലാത്തവ):

1. ടഗ്ഗുകൾ: 70 ton BP-3 എണ്ണം, 55 ton BP-1 എണ്ണം: എല്ലാം തുറമുഖത്ത് ലഭ്യമായിട്ടുണ്ട്.
2. പൈലറ്റ് കം സർവ്വേ വെസ്സൽ: പൈലറ്റ് കം പെട്രോൾ വെസ്സൽ 1 എണ്ണം വിഴിഞ്ഞത്ത് ലഭ്യമായിട്ടുണ്ട്.
3. മൂറിങ് ലോഞ്ചസ്: 2 എണ്ണത്തിനായുള്ള ഓർഡർ നൽകിയിട്ടുണ്ട്. 2024 സെപ്റ്റംബറിൽ ലഭ്യമാകും.
4. നാവിഗേഷൻ സഹായികൾ: എല്ലാം സ്ഥാപിച്ചിട്ടുണ്ട്.

- പോർട്ട് ഓപ്പറേഷൻ ബിൽഡിംഗ് (POB), 220 KV GIS സബ് സ്റ്റേഷൻ, ഗേറ്റ് കോംപ്ലക്സ്, 33 KV/11 KV പോർട്ട് സബ് സ്റ്റേഷൻ, സെക്യൂരിറ്റി

ബിൽഡിംഗ്, വർക്ക്ഷോപ്പ് ബിൽഡിംഗ് നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. പോർട്ട് യൂസർ ബിൽഡിംഗ് (PUB)-ന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

- ചുറ്റുമതിൽ: താത്കാലിക ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.
- കണ്ടെയ്നർ ബാക്ക്അപ് യാർഡ്: 63 ഹെക്ടർ റിക്ലമേഷൻ പൂർത്തീകരിച്ചു. 12.69 ഹെക്ടർ പേവർ ബ്ലോക്ക് സ്ഥാപിക്കൽ പൂർത്തിയായി.
- കണ്ടെയ്നർ സ്കാനിംഗ് ഫെസിലിറ്റി: കണ്ടെയ്നർ സ്കാനറുകൾ വാങ്ങുന്നതിലേക്കായുള്ള അറ്റോമിക് എനർജി റെഗുലേഷൻ ബോർഡ് (AERB)-യുടെ അംഗീകാരം 30-05-2024-ന് ലഭ്യമായിട്ടുണ്ട്. കണ്ടെയ്നർ സ്കാനിംഗ് ഫെസിലിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2024 ആഗസ്റ്റോടെ കണ്ടെയ്നർ സ്കാനിംഗ് ഫെസിലിറ്റി പ്രവർത്തനസജ്ജമാകുന്നതാണ്.

(ഡി) കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 7a പ്രകാരമുള്ള അംഗീകാരം:

വിഴിഞ്ഞം തുറമുഖത്തെ കയറ്റിറക്കുമതി ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള കസ്റ്റംസ് പോർട്ടായി അംഗീകരിച്ചിട്ടുണ്ട്. ഈ

അംഗീകാരത്തിന്മേൽ വിഴിഞ്ഞം തുറമുഖത്തിന് കാർഗോ കൈകാര്യം ചെയ്യുവാനായി സാധിക്കും. വിവിധതരം കാർഗോ കണ്ടെയ്നറുകളിൽ നിറച്ച് കൈകാര്യം ചെയ്യുന്ന തരത്തിലാണ് വിഴിഞ്ഞം തുറമുഖം വിഭാവനം ചെയ്തിട്ടുള്ളത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. തുറമുഖം പ്രവർത്തന സജ്ജമാകുന്നതോടുകൂടി സംസ്ഥാനത്തെ സമ്പദ്‌വ്യവസ്ഥയിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്നും ഏതൊക്കെ മേഖലകളിലാണ് മാറ്റം വരുന്നതെന്നും വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നമ്മുടെ നാടിന്റെ സാമ്പത്തികവും വാണിജ്യപരവും വ്യാവസായികവുമായ മേഖലകളിൽ വലിയ രൂപത്തിലുള്ള സാധ്യതകൾ വളർന്നുവരികയാണ്. അതോടൊപ്പം വൻതോതിലുള്ള തൊഴിൽ സാധ്യതകളുമുണ്ടാകും. ഇതെല്ലാം നമ്മുടെ സമ്പദ്ഘടനയ്ക്ക് വലിയ രൂപത്തിലുള്ള ഉത്തേജനം പകരും.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, വിഴിഞ്ഞം തുറമുഖം സജ്ജമാകുന്നതോടുകൂടി ഉണ്ടാകുന്ന തൊഴിൽ സാധ്യതകൾ എന്തെല്ലാമാണെന്നും അവയിലേയ്ക്കുള്ള നിയമനങ്ങൾ സർക്കാർ നിയന്ത്രണത്തിലാണോ നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, തൊഴിൽസാധ്യതകളെ സംബന്ധിച്ച് കൃത്യമായി വിലയിരുത്തിയിട്ടില്ല. ഗവൺമെന്റല്ല നിയമനം നടത്തുന്നത്. അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (AVPPL) ആണ് നിയമനം നടത്തുന്നത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തുനിന്നുള്ള ചരക്കുനീക്കം സുഗമമാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളൊരുക്കാനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ചരക്കുനീക്കത്തിന് നിലവിലെ പരിമിതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, വിഴിഞ്ഞം ആഴക്കടൽ കണ്ടെയ്നർ ട്രാൻസ്ഷിപ്‌മെന്റ് പോർട്ടിൽ ചരക്കുകളുടെ ഏകദേശം 16 ശതമാനവും കരമാർഗ്ഗമാണ് കൈകാര്യം ചെയ്യുന്നത്. അതോടൊപ്പം റെയിൽ സംവിധാനവും റോഡ് സംവിധാനവും ഇപ്പോൾ വിഭാവനം ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. റെയിൽവേയുടെ കാര്യത്തിൽ പരിസ്ഥിതി പഠനം കഴിയുകയും അതിന്റെ ഡി.പി.ആർ. റെയിൽവേ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ 1.7 കിലോമീറ്റർ റോഡിന്റെ ജോലികൾ അന്തിമ ഘട്ടത്തിലാണ്. അത് എൻ.എച്ച്.-മായി കണക്ട് ചെയ്യുന്ന രൂപത്തിലേയ്ക്ക് എത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, ട്രയൽ റണ്ണിന് ഒരുങ്ങുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ ചരക്കുനീക്കത്തെക്കുറിച്ച് അങ്ങ് ഇവിടെ സൂചിപ്പിച്ചു. വിഴിഞ്ഞം-നവായിക്കുളം റിംഗ് റോഡിന്റെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ; അതിന്റെ രണ്ടും മൂന്നും ഘട്ടത്തിലേയ്ക്കുള്ള പാരിസ്ഥിതിക അനുമതിക്കുള്ള പഠനത്തിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ റോഡുമായി ബന്ധപ്പെട്ട കണക്റ്റിവിറ്റിയെ സംബന്ധിച്ച് എൻ.എച്ച്.-ന്റെ പ്രതിനിധികളുമായി കൂടിയാലോചന നടത്തുകയും അക്കാര്യത്തിന് അനുകൂലമായ തീരുമാനമുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഈ കഴിഞ്ഞ ജൂൺ 19-ന് രണ്ടും മൂന്നും ഘട്ടങ്ങളിലേയ്ക്കുള്ള പാരിസ്ഥിതിക പഠനം നടക്കുകയും 703 പേർ പങ്കെടുക്കുകയും ചെയ്തിരുന്നു. അതിൽ 110 പേരാണ് പരാതികൾ നൽകിയത്. അതുസംബന്ധിച്ച കാര്യങ്ങൾ ശാന്തമായ അന്തരീക്ഷത്തിൽ ചർച്ച ചെയ്യുകയും കേന്ദ്ര അനുമതിക്കായി ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട കമ്മിഷനിംഗിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഒന്നാംഘട്ട പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഈ മാസം ട്രയൽ റൺ നടത്തുകയും ഈ വർഷംതന്നെ കമ്മിഷൻ ചെയ്യുന്നതുമാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വിഴിഞ്ഞം പദ്ധതി തുടക്കത്തിൽ വയബിളാകില്ല എന്നുള്ളതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് വയബിലിറ്റി ഗ്യാപ്

ഫണ്ട് തരാമെന്ന് സമ്മതിച്ചത്. അത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാരിന് അടിസ്ഥാന വികസന പദ്ധതികൾക്കുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ പലിശരഹിത വായ്പകൾ നൽകുന്ന പദ്ധതികളുണ്ട്. തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ അത് പ്രയോജനപ്പെടുത്തിയിട്ടുമുണ്ട്. അത് ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിന്റെ ഫലമെന്താണ്; കഴിഞ്ഞ 8 വർഷംകൊണ്ട് സംസ്ഥാന ഗവൺമെന്റ് വിഴിഞ്ഞം പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കഴിഞ്ഞ എട്ട് വർഷംകൊണ്ട് 884.38 കോടി രൂപ സംസ്ഥാന ഗവൺമെന്റ് മുടക്കിയിട്ടുണ്ട്. വയബിലിറ്റി ഗ്യാപ് ഫണ്ട് (VGF) ലഭിക്കുന്നതിനുവേണ്ടി ത്രികക്ഷി കരാറിൽ ഒപ്പിടുന്നതിനുള്ള എല്ലാ ഫയലുകളും ക്രമീകരിച്ചിട്ടുണ്ട്. അതിന്റെ തീയതി അടുത്ത ദിവസം നിശ്ചയിക്കും. കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനായി നബാർഡിനെ സമീപിക്കുകയും അതിൽ തീരുമാനമാകുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം പൂർത്തീകരിക്കുന്ന ഈയവസരത്തിൽ സംസ്ഥാന ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. അങ്ങ് എം.എൽ.എ. ആയിരുന്ന കാലത്ത് നിർദ്ദേശിച്ചതാണ് കോട്ടയം തുറമുഖ പദ്ധതി. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോട്ടയം പോർട്ടിൽനിന്നും കോട്ടയം-ചങ്ങനാശ്ശേരി പോർട്ട് റൂട്ടിലൂടെ ചരക്കുഗതാതഗതം നടത്തുന്നതിനാവശ്യമായ പദ്ധതിക്ക് രൂപം നൽകാൻ തയ്യാറാകുമോ; അതുവഴി ചങ്ങനാശ്ശേരി, കുട്ടനാട്, തിരുവല്ല തുടങ്ങിയ പ്രദേശങ്ങളിൽ കൂടുതൽ വികസനമുണ്ടാകുമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാരിടൈം ബോർഡുമായി ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുകഴിഞ്ഞു. സമീപകാല ഭാവിയിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങളെ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ട്രഷറി തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ നടപടി**

2 (*332) <u>ശ്രീ. യു. എ. ലത്തീഫ്</u>:

ശ്രീ. കെ. പി. എ. മജീദ്:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. എ. കെ. എം. അഷ്റഫ് ചുമതലപ്പെടുത്തിയ പ്രകാരം

(ശ്രീ. എൻ. എ. നെല്ലിക്കുന്ന്): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ വ്യാജ ചെക്കുകൾ ഉപയോഗിച്ച് തട്ടിപ്പുകൾ നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് കണ്ടെത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) ഇത്തരം തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) : സർ,

(എ) സംസ്ഥാനത്തെ ചില ട്രഷറികളിൽ വ്യാജ ചെക്കുകൾ ഉപയോഗിച്ച് തട്ടിപ്പുകൾ നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലാ ട്രഷറി, തിരുവനന്തപുരം പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, കൊടുങ്ങല്ലൂർ സബ് ട്രഷറി, ചങ്ങരംകുളം സബ് ട്രഷറി, ചേലക്കര സബ് ട്രഷറി, വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറി, നെയ്യാറ്റിൻകര പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, പത്തനംതിട്ട ജില്ലാ ട്രഷറി, കഴക്കൂട്ടം സബ് ട്രഷറി എന്നിവിടങ്ങളിൽ വ്യാജ ചെക്കുകൾ ഉപയോഗിച്ച് വിവിധ കാലഘട്ടങ്ങളിൽ തട്ടിപ്പ് നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. കുറെ വർഷങ്ങളിലെ കണക്കുകളുണ്ട്.

(സി) മേൽ ട്രഷറികളിൽ നടന്ന തട്ടിപ്പുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിലും പോലീസ്/വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തലത്തിലും അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടി/ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ കേസുകളിലും ധനാപഹരണം നടത്തിയ മുഖ്യപ്രതികളെ സർവീസിൽനിന്നും ഡിസ്മിസ് ചെയ്യുകയും വീഴ്ച സംഭവിച്ച മറ്റുള്ള ജീവനക്കാർക്കെതിരെ ശക്തമായ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും

ചെയ്തിട്ടുണ്ട്. കൂടാതെ ധനാപഹരണം നടത്തിയ മുഴുവൻ തുകയും ആയതിന്റെ 18% പലിശയും ഉൾപ്പെടെ ടി ജീവനക്കാരിൽനിന്നും റവന്യൂ റിക്കവറി മുഖാന്തരം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരം തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കുന്നതിനായി ട്രഷറി സോഫ്റ്റ്‌വെയറിലും ട്രഷറി ഇടപാടുകളുടെ നടപടിക്രമങ്ങളിലും കാതലായ മാറ്റം ഇതിനോടകംതന്നെ വരുത്തിയിട്ടുണ്ട്. ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വത്തിനും സുതാര്യതയ്ക്കുമായി കൂടുതൽ സുരക്ഷാ മാനദണ്ഡങ്ങൾ നടപ്പിൽവരുത്താൻ തീരുമാനിച്ചിട്ടുമുണ്ട്.

ട്രഷറി വകുപ്പിൽ എല്ലാ ജീവനക്കാർക്കും PEN അടിസ്ഥാനത്തിൽ ഐ.പി. ബൈൻഡ് ചെയ്തുനൽകിയിട്ടുണ്ട്. അപ്രകാരം ഐ.പി. ബൈൻഡ് ചെയ്തിട്ടുള്ള കമ്പ്യൂട്ടർ മുഖാന്തരം മാത്രമേ ബന്ധപ്പെട്ട ജീവനക്കാരന് സ്വന്തം യൂസർ ഐ.ഡി.-യും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്യാൻ കഴിയുകയുള്ളൂ. ട്രഷറി ഓഫീസർ UMAS (User Management Authentication system) ആപ്ലിക്കേഷനിൽ എല്ലാ ജീവനക്കാർക്കും അതത് ദിവസത്തെ പ്രവൃത്തി നിശ്ചയിച്ച് (role mapping) നൽകുന്നതിന്റെ അടിസ്ഥാനത്തിൽ

മാത്രമേ ജീവനക്കാർക്ക് അവരിൽ നിക്ഷിപ്തമായ നിർദ്ദിഷ്ട ചുമതല നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ. അതിൻപ്രകാരം ട്രഷറി ഇടപാടുകൾ നടത്തുന്നതിനായി ജീവനക്കാരൻ ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിൽ അറ്റൻഡൻസ് രേഖപ്പെടുത്തിയതിനുശേഷം ട്രഷറി ഇടപാടുകൾ നടത്തുന്നതിന് Core-TIS എന്ന ആപ്ലിക്കേഷനിൽ തനിക്ക് നിശ്ചയിച്ചിട്ടുള്ള ഐ.പി. മുഖാന്തരം പ്രവേശിച്ച് ആധാറിന്റെ അവസാനത്തെ എട്ട് അക്കങ്ങൾ രേഖപ്പെടുത്തുമ്പോൾ ജീവനക്കാരന്റെ രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ 24 മണിക്കൂർമാത്രം വാലിഡിറ്റിയുള്ള ഒരു ഒ.ടി.പി. ലഭിക്കുന്നു. ഇതുപയോഗിച്ച് മാത്രമേ അന്നേദിവസം ഇടപാടുകൾ നടത്തുന്നതിനായി ബന്ധപ്പെട്ട ജീവനക്കാരന് ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്യാൻ കഴിയുകയുള്ളൂ.

ഓൺലൈൻ ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലേക്കായി ഇടപാടുകാരുടെ പാസ്‌വേർഡ് നിശ്ചിത ഇടവേളകളിൽ നിർബന്ധിതമായി മാറ്റുന്നതിനുള്ള സംവിധാനം tsbonline.kerala.gov.in എന്ന വെബ്സൈറ്റിൽ ഏർപ്പെടുത്തിയിട്ടുമുണ്ട്.

രണ്ട് ദിവസത്തിലധികം അവധിയിൽ പ്രവേശിക്കുന്നവരുടെയും വിരമിക്കുന്നവരുടെയും എൽ.പി.ആർ.-ൽ പ്രവേശിക്കുന്നവരുടെയും വി.ആർ.എസ്. എടുക്കുന്നവരുടെയും യൂസർ ഐ.ഡി.-യും പാസ്‌വേർഡും സ്വയം നിഷ്ക്രിയമാകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സൈബർ സുരക്ഷ മുൻനിർത്തി എല്ലാ ട്രഷറി ആപ്ലിക്കേഷനുകളും ദേശീയ ഏജൻസിയായ STQC മുഖേന സെക്യൂരിറ്റി ഓഡിറ്റ് നടത്തിയിട്ടുണ്ട്. ആയതിന്റെ കാലാവധി കഴിയുന്ന മുറയ്ക്ക് വീണ്ടും സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം എല്ലാ ട്രഷറി ആപ്ലിക്കേഷനുകളുടെയും ഫങ്ഷണൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

എല്ലാ ട്രഷറി ഇന്റർനെറ്റ് അധിഷ്ഠിത വെബ്സൈറ്റുകളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി SSL (Secure Sockets Layer) സർട്ടിഫിക്കറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. അവയുടെ കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കുന്നുമുണ്ട്.

സ്പാർക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ഔദ്യോഗിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ട്രഷറി ജീവനക്കാർക്ക് ട്രഷറി ആപ്ലിക്കേഷനുകളിലേക്കുള്ള പ്രവേശനം അനുവദിക്കുന്നുള്ളൂ.

എല്ലാ ട്രഷറികളിലും സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ട്രഷറി ഇടപാട് നടക്കുമ്പോൾ ആയത് ഏത് ജീവനക്കാരന് assign ചെയ്തുനൽകിയിട്ടുള്ള ഐ.പി. മുഖാന്തരമാണ് നടന്നിട്ടുള്ളതെന്നും ഏത് ജീവനക്കാരന്റെ യൂസർ ഐ.ഡി.-യും പാസ്‌വേർഡും ഉപയോഗിച്ച് എപ്പോഴാണ് ടി ഇടപാട് നടന്നിട്ടുള്ളതെന്നും വ്യക്തമായി മനസ്സിലാക്കുന്നതിനുള്ള സംവിധാനം ട്രഷറിയിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

ട്രഷറിയിൽനിന്ന് പണം പിൻവലിക്കുമ്പോൾ പ്രസ്തുത വിവരം എസ്.എം.എസ്. മുഖേന അക്കൗണ്ടുടമയുടെ KYC-യിൽ രേഖപ്പെടുത്തിയിട്ടുള്ള മൊബൈൽ നമ്പരിലേക്ക് അറിയിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം ചെക്ക് ബുക്ക് വിതരണം ചെയ്യുമ്പോഴും മേൽപ്രകാരം അക്കൗണ്ടുടമയ്ക്ക് എസ്.എം.എസ്. മുഖേന വിവരം ലഭിക്കുന്നതിനുള്ള സംവിധാനത്തിന്റെ ടെസ്റ്റിംഗ് നടന്നുകൊണ്ടിരിക്കുകയാണ്.

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ കൂടാതെ ഭാവിയിൽ കുറച്ചുകാര്യങ്ങൾകൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വത്തിനും സുതാര്യതയ്ക്കുമായി ഉടൻ പ്രാബല്യത്തിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുള്ള സുരക്ഷാ ക്രമീകരണങ്ങൾ /മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

എല്ലാ അക്കൗണ്ടുടമകൾക്കും e-KYC നിർബന്ധമാക്കും.

ആറ് മാസം ഇടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ താൽക്കാലികമായി മരവിപ്പിക്കും.

ഒരു അക്കൗണ്ടുടമയ്ക്ക് ഇഷ്യൂ ചെയ്തിട്ടുള്ള ചെക്ക് ബുക്കിലെ മൂന്ന് ചെക്ക് ലീഫുകൾ അവശേഷിക്കുമ്പോൾമാത്രമേ പുതിയ ചെക്ക് ബുക്ക് അനുവദിക്കുകയുള്ളൂ.

ഇടപാടുകാരന്റെ മൊബൈലിലേക്ക് വരുന്ന ഒ.ടി.പി.-യുടെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ ചെക്ക് ബുക്ക് ഇഷ്യൂ ചെയ്യുകയുള്ളൂ.

ഇടപാടുകാരുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പർ മാറ്റുന്നതിന് പഴയ മൊബൈൽ നമ്പരിൽ ലഭിക്കുന്ന ഇ-സന്ദേശത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ.

പെൻഷൻ നിർത്തലാക്കുമ്പോൾത്തന്നെ പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് (PTSB) അക്കൗണ്ടിലെ ഇടപാടുകൾ സ്വയം മരവിക്കും.

ട്രഷറി പെൻഷൻ ആപ്ലിക്കേഷനിൽ LSGD-K-SMART-മായി സംയോജിപ്പിച്ച്, പെൻഷൻകാർ മരണപ്പെടുമ്പോൾ പ്രസ്തുത വിവരം ലഭ്യമാക്കി പെൻഷൻ നിർത്തലാക്കും.

ബാങ്കിംഗ് സെക്ടറുമായി കിടപിടിക്കുന്ന രീതിയിലുള്ള സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിനായി ബാങ്കിംഗ് സോഫ്റ്റ്‌വെയർ ഡെവലപ്പേഴ്സുമായി ചർച്ചകൾ നടത്തി തുടർക്രമീകരണം നടത്തും.

ശ്രീ. യു. എ. ലത്തീഫ്: സർ, സർക്കാരിന്റെ സ്വന്തമായ, ഏറ്റവും വിശ്വസ്തതയുള്ള ട്രഷറിയിൽ തീക്കട്ടയിൽ ഉറുമ്പരിക്കുന്നതുപോലെ വ്യാജ ചെക്കുകളുപയോഗിച്ച് പണം തട്ടുന്നത് തടയാൻ നടപടി സ്വീകരിക്കുന്നുണ്ട് എന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വളരെ സന്തോഷമുണ്ട്. അതോടൊപ്പം, ട്രഷറിയിൽപ്പോലും പണം നിക്ഷേപിച്ചാൽ സുരക്ഷിതത്വമില്ലെന്ന തോന്നൽ നിക്ഷേപകർക്കുണ്ടാകുന്നതുകൊണ്ട്

നഷ്ടപ്പെടുന്ന പണം നിക്ഷേപകർക്ക് തിരിച്ചുനൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ട്രഷറിയിലെ പണം ട്രഷറിയെ വിശ്വസിച്ച് നിക്ഷേപം നടത്തിയതാണ്. ട്രഷറിയിലെ എന്തെങ്കിലും പോരായ്മയോ, ട്രഷറിയിലെ ഉദ്യോഗസ്ഥർ എന്തെങ്കിലും തട്ടിപ്പുനടത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് നിക്ഷേപകരെ ബാധിക്കുകയില്ല. അവരുടെ കാര്യത്തിൽ സംരക്ഷണമുണ്ടാകും, അത് നിമയത്തിലുണ്ട്. മാത്രമല്ല, ട്രഷറി പണം തട്ടിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയെല്ലാം ഡിസ്മിസ് ചെയ്തിട്ടുണ്ട്. 2010 മുതലുള്ള കേസുകളുടെ വിവരങ്ങൾ എന്റെ കൈവശമുണ്ട്. ഓരോ ഘട്ടത്തിലും എടുത്തിട്ടുള്ള നടപടികളുടെയും ഡിസ്മിസലിന്റെയും റവന്യൂ റിക്കവറി നടപടികളുടെയും വിശദാംശങ്ങളുമുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയെല്ലാം നടപടി എടുത്തിട്ടുണ്ട്. ഓരോഘട്ടത്തിലും കുറച്ചുകൂടി സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളെടുക്കുന്നുണ്ട്. അതുകൊണ്ട് ട്രഷറി അക്കൗണ്ട് ഇടപാടുകാർക്ക് യാതൊരു സംശയത്തിനുമിടയില്ല. വളരെ അപൂർവം കേസുകളാണ് റിപ്പോർട്ട്

ചെയ്തിട്ടുള്ളത്. അത് തടയുക മാത്രമല്ല, നിക്ഷേപകരുടെ പണം നഷ്ടപ്പെടുകയുമില്ല.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഇതുവരെ എത്രയാളുകൾ വ്യാജ ചെക്കുകളുപയോഗിച്ച് പണി തട്ടിയെന്നും എത്ര പണമാണ് നഷ്ടപ്പെട്ടതെന്നും പറയാൻ സാധിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇങ്ങനെയൊരു വിഷയമായതിനാൽ സാമാന്യം ദീർഘമായ ഒരു മറുപടിയാണ്. 2007 മുതലുള്ള കേസുകളുടെ വിശദാംശങ്ങൾ എന്റെ കൈവശമുണ്ട്. 2007-ൽ ഇത്തരമൊരു സംഭവമുണ്ടായിട്ടുണ്ട്. അതിൽ ജൂനിയർ അക്കൗണ്ടന്റായ ശ്രീ. എം. ടി. ജോസഫിനെ ട്രഷറി ഡയറക്ടർ, സർവീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും 1,61,850/- രൂപയും അതിന്റെ 18 ശതമാനം പലിശയും ഈടാക്കുന്നതിന് ഉത്തരവായി നടപടിയെടുത്തിട്ടുണ്ട്. അതിന്റെ ഉത്തരവാദിത്വമുള്ള മറ്റ് ഉദ്യോഗസ്ഥർക്കെതിരെയും നടപടിയെടുത്തിട്ടുണ്ട്. അതിൽ നേരിട്ട് ഇടപെട്ട ഉദ്യോഗസ്ഥക്കാർക്കാണ് ഡിസ്മിസൽ വന്നത്. 2010-ൽ ഇതിന് സമാനമായ ഒരു കേസ്സിൽ സീനിയർ അക്കൗണ്ടന്റായ ശ്രീ. എസ്. വി. വിനോദ് അടക്കമുള്ള

ആളുകളുടെ പേരിൽ കേസെടുക്കുകയുണ്ടായി. 2014-ൽ കൊടുങ്ങല്ലൂർ സബ് ട്രഷറിയിൽനിന്നും വ്യാജമായി ചെക്ക് ബുക്ക് നൽകിയതിന്റെ പേരിൽ അക്കൗണ്ടന്റായിരുന്ന ശ്രീ. കെ. എം. അലിക്കുഞ്ഞിനെ സർവീസിൽനിന്നും ഡിസ്മിസ് ചെയ്യുകയും സർക്കാരിനുണ്ടായ നഷ്ടം തിരികെ ഈടാക്കുന്നതിനായി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കുറ്റക്കാരായ മറ്റ് ഉദ്യോഗസ്ഥരുടെ മേൽ വിവിധ നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്. 2020-ൽ ട്രഷറിയിലെ വലിയൊരു തുക തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് പ്രമാദമായ ഒരു കേസ് വന്നിരുന്നു. അതുസംബന്ധിച്ച് കുറ്റക്കാരനായ ഉദ്യോഗസ്ഥനെ ഡിസ്മിസ് ചെയ്യുകയും അതിന് ആന്റികറപ്ഷൻ ബ്യൂറോ ഉൾപ്പെടെ കേസ്സെടുത്ത് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. 2022-ൽ ഈ ഗവൺമെന്റ് വന്നതിനുശേഷം പത്തനംതിട്ട ജില്ലാ ട്രഷറിയിൽനിന്ന് ഒരു വ്യാജ അക്കൗണ്ട് തുടങ്ങിയതിൽ പെൻഷണറുടെ സ്ഥിരനിക്ഷേപവും മറ്റ് തുകകളും എടുത്തതായി വിവരം ലഭിക്കുകയും ഉടൻതന്നെ അതിന്മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള എല്ലാ കേസുകളിലും കുറ്റക്കാരായവരെ ഉടൻതന്നെ അറസ്റ്റ് ചെയ്യുകയും നടപടികളെടുക്കുകയും

ചെയ്തിട്ടുണ്ട്. ഡിസ്മിസ് ചെയ്യുക മാത്രമല്ല ക്രമിനൽ കേസുകൾ നിലനിൽക്കുകയും ചെയ്യുന്നുണ്ട്. എത്ര പണം നഷ്ടപ്പെട്ടു എന്നതിന് ഇങ്ങനെയുള്ള കേസുകളുടെ ആകെ തുകകൾ കൂട്ടിയെടുക്കണം. ഇതിനിടയിലുണ്ടായ അഞ്ചോ ആറോ കേസുകളിലെല്ലാം കൃത്യമായ നടപടികളെടുത്തിട്ടുണ്ട്. ഇനിയും ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, എല്ലാ ബാങ്കുകളും അവരുടെ നിക്ഷേപകരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള എ.ടി.എം., മറ്റ് ഓൺലൈൻ സംവിധാനങ്ങളൊക്കെ സജീവമാക്കിയിരിക്കുകയാണ്. എന്നാൽ നമ്മുടെ ട്രഷറിയിൽ പണം നിക്ഷേപിക്കുമ്പോഴോ പിൻവലിക്കുമ്പോഴോ നിക്ഷേപകർക്ക് യാതൊരു അറിവും ലഭിക്കുന്നില്ല. ഇപ്പോഴും പഴയ രീതിയിലാണ് പോകുന്നത്. ബഹുമാനപ്പെട്ട മന്ത്രി അത് പരിശോധിച്ചുകാണണമെന്ന് കരുതുന്നു. എം.എൽ.എ.-മാരുടെ ശമ്പളം ട്രഷറിയിൽനിന്നുമാണ് ലഭിച്ചുകൊണ്ടിരുന്നത്, അങ്ങ് ആ പാസ് ബുക്ക് പരിശോധിച്ചുനോക്കിയിട്ടുണ്ടോ? നാല് പേപ്പറുകൾ മടക്കിവച്ച് പിൻചെയ്ത ഒരു പാസ് ബുക്കാണ് നൽകിയിരുന്നത്. അത് കാണുമ്പോൾത്തന്നെ അങ്ങയുടെ

വകുപ്പിന്റെ ദയനീയ സ്ഥിതി മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് കാലത്തിനനുസരിച്ച് ട്രഷിറിയിലെ നിക്ഷേപകരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതിൽ ഇടപാടുകാരുടെ കാര്യം പറയാം. ഒരു മാസം മുമ്പുണ്ടായ കേസ് ഒഴികെ ബാക്കിയെല്ലാ കേസുകളിലും നഷ്ടപ്പെട്ട മുഴുവൻ തുകയും ഇടപാടുകാർക്ക് നൽകിയിട്ടുണ്ട്. അതിനകത്ത് യാതൊരു സംശയവുമില്ല. നമ്മുടെ ട്രഷറി സിസ്റ്റം വളരെ പഴയതായിരുന്നു, അതിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ബാങ്കിൽ നടക്കുന്നതുപോലെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും നമുക്ക് പരിമിതിയുണ്ട്. അത്തരം കാര്യങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും അനുമതി ആവശ്യമാണ്. ഇപ്പോൾ പണം പിൻവലിച്ചാൽ ഉടൻ മെസ്സേജ് ലഭിക്കുന്ന സംവിധാനം ട്രഷറികളിൽ വന്നിട്ടുണ്ട്. പണം നിക്ഷേപിച്ചാൽ മെസ്സേജ് ലഭിക്കുന്ന സംവിധാനം ഇപ്പോൾ ഇല്ല, അടിയന്തരമായി അതിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. സെർവറിന്റെ കപ്പാസിറ്റി വളരെ കുറവായിരുന്നുവെന്നതാണ് ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം

നേരിട്ട ഏറ്റവും പ്രധാന പ്രശ്നം. അത് പഴയൊരു സിസ്റ്റം വച്ചായിരുന്നു തുടങ്ങിയിരുന്നത്. കുറെയേറെ പണം മാറ്റിവച്ച് ആ സെർവറിന്റെ കപ്പാസിറ്റി വർദ്ധിപ്പിച്ച് സിസ്റ്റം കറക്ടാക്കിയിട്ടുണ്ട്. നേരത്തെ ട്രഷറിയിലെ ജീവനക്കാർക്ക് സിസ്റ്റത്തിലേക്ക് കയറുമ്പോൾ വിരലടയാളമോ മറ്റ് സാങ്കേതികവിദ്യയോ ഉപയോഗിച്ച് കയറുന്നതിന് authentication-ന്റെ പ്രശ്നമുണ്ടായിരുന്നു. അതിനുള്ള സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഓൺലൈനായുള്ള ചില കാര്യങ്ങൾകൂടി വരാനുണ്ട്. ബാങ്കുകളുടെ കാര്യങ്ങൾ ചെയ്യുന്നയാളുകളുമായി ബന്ധപ്പെട്ടോ വലിയ കമ്പനികളുമായി ചർച്ച ചെയ്തോ ഇതിന്റെ വിശ്വാസ്യത കുറച്ചുകൂടി വർദ്ധിപ്പിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ട്രഷറികളിലും സാധാരണ നടത്താറുള്ള routine ഇൻസ്പെക്ഷനുപുറമെ പ്രത്യേകമായ ഇൻസ്പെക്ഷൻ നടത്തി രണ്ട് മാസത്തിനകം നടപടികളെല്ലാം പൂർത്തീകരിക്കുന്നതാണ്. ഇത്തരത്തിൽ എവിടെയെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങളുണ്ടെങ്കിൽ കണ്ടെത്തേണ്ടതായിട്ടുണ്ട്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, സംസ്ഥാനത്ത് സാമ്പത്തിക ഇടപാടുകൾ നടക്കുന്ന ഏറ്റവും വിശ്വസ്തമായ ഒരു മേഖലയാണ് ട്രഷറി

എന്നാണ് നമ്മളെല്ലാവരും കരുതുന്നത്. ട്രഷറികളിൽ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നത് വളരെ പ്രയാസകരമായ ഒരു കാര്യമാണ്. അത് തടയാൻ ലോഗിൻ ചെയ്യുന്നതിന് ബയോമെട്രിക് പഞ്ചിംഗുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നത് വളരെ നല്ല കാര്യമാണ്. അടുത്തിടെ കഴക്കൂട്ടം ട്രഷറിയിലടക്കം നടന്ന സാമ്പത്തിക തിരിമറികളിൽ നിരപരാധികളായ ഉദ്യോഗസ്ഥരും ഉൾപ്പെട്ടിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഏറ്റവും അനിവാര്യമായ ട്രഷറികളിൽ ജോലി ചെയ്യാൻ കൂടുതൽ ജീവനക്കാർ ഇല്ലാതിരിക്കുകയും ആവശ്യമില്ലാത്തിടത്ത് ജീവനക്കാർ കൂടുതൽ ഉണ്ടാകുകയും ചെയ്യുന്ന അവസ്ഥ പ്രയാസമുണ്ടാക്കുന്നുയെന്ന് കേൾക്കുന്നുണ്ട്. അതുകൊണ്ട് ജോലിഭാരം കുറയ്ക്കുന്നതിനുവേണ്ടി ജീവനക്കാരെ ആനുപാതികമായി പുനർവിന്യസിച്ച് ഈ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഏതെങ്കിലും ട്രഷറികളിൽ ജീവനക്കാരുടെ അഭാവമുള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും സ്ഥലത്ത് അത്തരം പ്രശ്നങ്ങളുണ്ടെങ്കിൽ അത്

പരിശോധിക്കുന്നതാണ്. കൂടാതെ, യാത്രാസൗകര്യവും വീട്ടിലെ സൗകര്യങ്ങൾക്കും അനുസരിച്ച് ദീർഘകാലം ഒരേ ട്രഷറികളിൽതന്നെ ജോലി ചെയ്യുന്ന ജീവനക്കാരുണ്ട്. അത്തരം കാര്യങ്ങളിൽ പുനഃപരിശോധന നടത്തും. സ്ഥിരമായി ഒരിടത്തുതന്നെ ജോലി ചെയ്ത് കാര്യങ്ങൾ മനസ്സിലാക്കി, രണ്ടോ മൂന്നോ വർഷക്കാലമായി പണമിടപാടുകൾ നടക്കാത്തതോ മരിച്ചുപോയവരോ ആയിട്ടുള്ളവരുടെ അക്കൗണ്ടുകളിൽനിന്ന് പണം തട്ടിയെടുക്കുന്ന ധാരാളം കേസുകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. അത്തരം കാര്യങ്ങൾ പരിശോധിച്ച് കൃത്യമായ നടപടിയെടുക്കും. ഇവിടെ പറഞ്ഞ കാര്യങ്ങളും ജീവനക്കാരുടെ പുനഃക്രമീകരണം അടക്കമുള്ള കാര്യങ്ങളും സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നമ്മുടെ ട്രഷറികളിൽ വലിയ രീതിയിലുള്ള സാമ്പത്തിക തട്ടിപ്പുകളാണ് നടക്കുന്നത്. അതിൽ വൻസ്രാവുകൾ രക്ഷപ്പെടുകയും സാധാരണക്കാരായ ജീവനക്കാർ കുടുങ്ങുകയുമാണ് ചെയ്യുന്നത്. 2020-ലെ വഞ്ചിയൂർ സബ്-ട്രഷറി തട്ടിപ്പ് കേസിലും സമാനമായ സ്ഥിതിയാണ് ഉണ്ടായത്. കമ്പ്യൂട്ടർവൽക്കരണത്തിന് ശേഷവും ഇത്തരം തട്ടിപ്പുകൾ നടക്കുന്ന

എന്നതാണ് നമ്മെ എല്ലാവരെയും സങ്കടപ്പെടുത്തുന്നത്. നമ്മുടെ സോഫ്റ്റ്‌വെയർ പഴയതാണ്; കണക്കുകൾ ഒത്തുനോക്കുന്നില്ല. അങ്ങേയ്ക്കും എനിക്കും ട്രഷറിയിൽ അക്കൗണ്ടുണ്ട്. ഇത് എന്റെ പാസ്ബുക്കാണ്, (പാസ്ബുക്ക് ഉയർത്തിക്കാണിച്ചു). ട്രഷറിയിൽ പോകുമ്പോൾ എപ്പോഴെങ്കിലും മാന്വലായി അപ്ഡേറ്റ് ചെയ്യുമെന്നല്ലാതെ സാധാരണയായി ബാങ്കുകളിൽ ചെയ്യുന്നതുപോലെ കമ്പ്യൂട്ടറിൽ അപ്ഡേറ്റ് ചെയ്തുകിട്ടുന്ന സംവിധാനം നിലവിലില്ല. ഇക്കാര്യമാണ് ശ്രീ. കെ. പി. എ. മജീദ് ഇവിടെ സൂചിപ്പിച്ചത്. ഇത് പരിഷ്കരിക്കാനുള്ള കാലം അതിക്രമിച്ചിരിക്കുകയാണ്. അതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, മാന്വൽ അല്ലാതെതന്നെ ഇപ്പോൾ പാസ്ബുക്ക് അപ്ഡേറ്റ് ചെയ്യുന്നുണ്ട്. എന്താണ് അങ്ങയുടെ പാസ്ബുക്കിന് സംഭവിച്ചതെന്ന് പരിശോധിക്കാം. തിരുവനന്തപുരം ട്രഷറിയിൽ മാന്വൽ അല്ലാതെ തന്നെ പാസ്ബുക്ക് അപ്ഡേറ്റ് ചെയ്യുന്നുണ്ട്. അതിന് സിസ്റ്റമായിട്ടുണ്ട്. അത് പരിശോധിക്കാം.

<u>മി. സ്പീക്കർ</u>: അദ്ദേഹം അത് പരിശോധിക്കാമെന്ന് പറഞ്ഞല്ലോ.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: ഞാൻ അതിന് തർക്കിക്കുന്നില്ല. പൊതുവിൽ ആ സംവിധാനം വന്നിട്ടുണ്ട്. എന്തെങ്കിലുമുണ്ടെങ്കിൽ അങ്ങനെയുള്ള സ്ഥലത്ത് നോക്കാം.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, തട്ടിപ്പുകൾ എല്ലാ കാലത്തും നടന്നിട്ടുണ്ട്. തട്ടിപ്പുകൾ നടക്കാത്ത മേഖലകളില്ല എന്നുള്ളതാണ് വാസ്തവം. ട്രഷറിയിൽ പണം നിക്ഷേപിക്കാൻ ആളുകൾക്ക് ഭയമാണ്. കാരണം, സർക്കാർ ട്രഷറി ബാൻ കൊണ്ടുവരുമ്പോൾ പണം പിൻവലിക്കാൻ കഴിഞ്ഞില്ലെങ്കിലോ എന്നുള്ള ആശങ്ക നിലനിൽക്കുന്നുണ്ട്. അതിനുപുറമേ ഇത്തരം തട്ടിപ്പുകൾക്കൂടി വരുമ്പോൾ ആളുകൾ പണം നിക്ഷേപിക്കാൻ മടിക്കും. ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതുപോലെ പാസ്ബുക്ക് മാന്വലായി അപ്ഡേറ്റ് ചെയ്യുന്ന രീതി പല സ്ഥലങ്ങളിലുമുണ്ട്. കോഴിക്കോട്ടും ഇവിടത്തെ ട്രഷറിയിലുമുണ്ട്. അത് പരിശോധിക്കണം. ഇത്തരം തട്ടിപ്പുകൾ തടയാൻ ധാരാളം ആധുനിക സംവിധാനങ്ങളുണ്ടെങ്കിലും തട്ടിപ്പുകാരുടെ പ്രവർത്തനങ്ങൾ അതിനെയൊക്കെ മറികടക്കുന്ന നിലയിലാണ്. തട്ടിപ്പില്ലാത്ത ഒരു

മേഖലയുമില്ല എന്നുള്ളതാണ് വാസ്തവം. അതുകൊണ്ട് ട്രഷറി തട്ടിപ്പ് തടയാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ട്രഷറികളിലെ ധനാപഹരണം തടയാൻ സർക്കാർ സ്വീകരിച്ച നടപടികൾ നേരത്തെ വിശദീകരിച്ചിരുന്നു. ട്രഷറിയുടെ വിശ്വാസ്യത നഷ്ടപ്പെടുന്ന തരത്തിലുള്ള ഒരു കേസും വന്നിട്ടില്ല. കാരണം പത്തുപതിനഞ്ച് വർഷത്തെ കണക്കുകളാണ് ഞാനിവിടെ പറഞ്ഞത്. സംസ്ഥാനത്തിന്റെ അഭിമാനമാണ് കേരളത്തിലെ ട്രഷറി. ധനാപഹരണവുമായി ബന്ധപ്പെട്ട് ഒറ്റപ്പെട്ട കേസുകൾ വന്നിട്ടുണ്ടെങ്കിലും കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പണം നഷ്ടപ്പെട്ടിട്ടുള്ളവർക്കെല്ലാം തിരികെ നൽകിയിട്ടുമുണ്ട്. പണമിടപാടുകൾ ഓൺലൈനായി നടത്തുന്നതുകൊണ്ട് തട്ടിപ്പുകൾ ഇല്ലാതാകുമെന്ന് പറയാൻ സാധിക്കില്ല. വലിയ ബാങ്കുകളുടെ ഉൾപ്പെടെ ഏറ്റവും കൂടുതൽ തട്ടിപ്പുകൾ നടക്കുന്നത് ഓൺലൈൻ രംഗത്താണ്. അതുകൊണ്ട് എത്ര മികച്ച സംവിധാനം വന്നാലും വളരെ വിജിലന്റായി നമ്മൾ നോക്കിക്കൊണ്ടിരിക്കണം. ഈ ചോദ്യത്തിന്റെ

അടിസ്ഥാനത്തിൽ എല്ലാ പഴുതുകളുമടച്ച് ട്രഷറി തട്ടിപ്പുകൾ തടയാനുള്ള സംവിധാനങ്ങൾ ഉടൻ സജ്ജീകരിക്കും.

ശ്രീ. സനീഷ്കുമാർ ജോസഫ്: ചാലക്കുടി സബ്-ട്രഷറിയുടെ കെട്ടിടം ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. വളരെ പരിമിതമായ സാഹചര്യങ്ങളിലാണ് ട്രഷറിയുടെ ഓഫീസ് പ്രവർത്തിക്കുന്നത്. നിരവധി പ്രാവശ്യം ഇത് പുതുക്കിപ്പണിയുമെന്ന് വകുപ്പ് പറഞ്ഞെങ്കിലും പ്രവൃത്തി നടന്നിട്ടില്ല. അത് പുതുക്കിപ്പണിയുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുമായി ബന്ധപ്പെട്ട കാര്യമല്ലെങ്കിലും ഇരുപതിലധികം ട്രഷറികൾ പുതുക്കിപ്പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. നേരത്തെ കുറെയധികം ട്രഷറികൾ പുതിക്കിപ്പണിതിരുന്നു. അതിന്റെ ഭാഗമായി ഇക്കാര്യം പരിശോധിക്കാം.

ശ്രീ. എ. പ്രഭാകരൻ: സർ, ട്രഷറി ഇടപാടുകളിൽ ഒരു കാരണവശാലും അപാകതകൾ ഉണ്ടാകാൻ പാടില്ല. അത് തടയാൻ കണിശമായ നിലപാട് സ്വീകരിക്കണം. വഞ്ചിയൂർ ട്രഷറി തട്ടിപ്പുകേസിൽ എന്ത് നിലപാടാണ്

സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; ട്രഷറിയിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വളരെ പ്രമാദമായ വഞ്ചിയൂർ ട്രഷറി തട്ടിപ്പുകേസിലാണ് ഓൺലൈൻ കളികൾക്കുവേണ്ടി പണം ഉപയോഗിച്ചുവെന്ന വാർത്ത അന്ന് വന്നത്. തട്ടിപ്പ് നടത്തിയ ഉദ്യോഗസ്ഥനിൽനിന്ന് പണം തിരികെ ലഭിക്കാനുള്ള കർശന നടപടി സ്വീകരിക്കുകയും അത് റവന്യൂ റിക്കവറി നടപടിക്രമങ്ങളിലുമാണ്. ടിയാളെ ജോലിയിൽനിന്ന് പിരിച്ചുവിടുകയും ചെയ്തു. ഇത്തരം കേസുകളിൽ കുറ്റക്കാരെന്ന് ശ്രദ്ധയിൽപ്പെട്ട ഒരാളെയും ഒഴിവാക്കിയിട്ടില്ല. കഴക്കൂട്ടം സബ്-ട്രഷറി തട്ടിപ്പ് കേസിൽ ഒളിവിൽ പോയ പ്രതിയെ അറസ്റ്റ് ചെയ്ത് റിമാൻഡിലാണ്. ധനാപഹരണ കേസുകളിൽ കസ്റ്റമേഴ്സിന് നഷ്ടം വരാൻ പാടില്ല. ഇക്കാര്യം കൃത്യമായി നോക്കുന്നുണ്ട്. ബാങ്കുകളിലും മറ്റ് കാര്യത്തിലും കള്ളച്ചെക്ക് എഴുതി ഒപ്പിട്ട് വാങ്ങുന്ന സംവിധാനം പല സ്ഥലത്തുമുണ്ടാകാം. അതുപോലെ ഇവിടെ വന്നാലും സമ്മതിക്കാൻ കഴിയില്ല. അതുകൊണ്ട് ട്രഷറിയിൽ പൊതുവിൽ വിശ്വാസ്യതയില്ലാത്ത തരത്തിലുള്ള കാര്യങ്ങൾ

ഉണ്ടാകാതിരിക്കാൻ ശ്രമിക്കുന്നുണ്ട്. എന്തായാലും കർശന നടപടികളെടുക്കും. ബാക്കി കാര്യങ്ങൾ കുറച്ചുകൂടി സുരക്ഷിതമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ട്രഷറിയിലെ എ.ടി.എം. സംവിധാനത്തിന് റിസർവ് ബാങ്കിന്റെ അനുമതിയുടെ ചില പ്രശ്നങ്ങളുണ്ട്. പർച്ചേസിനും മറ്റും ഓൺലൈനായി പണം അടയ്ക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ നടപ്പിലാക്കാൻ ആഗ്രഹിക്കുന്നുണ്ട്. അതിനുള്ള ചർച്ചകൾ നടക്കുകയാണ്. റിസർവ് ബാങ്കിന്റെ ചില നോംസ് അനുസരിച്ച് ബാങ്കിംഗിന് തുല്യമായ രീതിയിലുള്ള പ്രവർത്തനങ്ങൾ ട്രഷറിയിൽ നടത്താൻ അനുവാദമില്ല. എന്നാൽ ഓൺലൈനായി പണമടയ്ക്കുന്നതിനുള്ള സംവിധാനങ്ങളടക്കം വരുന്നുണ്ട്.

ശ്രീ. പി. നന്ദകുമാർ: ദേശസാൽക്കൃത ബാങ്കുകളടക്കമുള്ള ധനകാര്യ സ്ഥാപനങ്ങളിൽ ചില തട്ടിപ്പുകൾ നടക്കുന്നത് സംബന്ധിച്ച് വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. 2011-2016 കാലഘട്ടങ്ങളിൽ നടന്ന ട്രഷറി ക്രമക്കേടുകളിൽ അന്നത്തെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്? തട്ടിപ്പിന് വിധേയരായിട്ടുള്ള ആളുകളിൽനിന്ന് തെളിവെടുത്തതിനുശേഷം അവർക്ക് പണം മടക്കിക്കൊടുക്കാത്ത പല

കേസുകൾ ഇപ്പോഴുമുണ്ട്. അത്തരം വിഷയങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ട്രഷറി ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് നേരത്തേ വിശദീകരിച്ചിരുന്നു. പണം നഷ്ടപ്പെട്ടവർക്ക് അത് തിരികെ കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് കൊടുക്കും, അതിൽ തർക്കമില്ല. അതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ചില ആളുകൾക്ക് കൊടുക്കാനുള്ളതേയുള്ളൂ. കൂടാതെ, നഷ്ടപ്പെട്ട മുഴുവൻ തുകയും അതിന്റെ 18 % പലിശയും ഉൾപ്പെടെ തട്ടിപ്പ് നടത്തിയ ജീവനക്കാരിൽനിന്നും റവന്യൂ റിക്കവറി മുഖാന്തരം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറിയിൽ ചിലത് കോടതി നടപടികളുമായി നിൽക്കുന്നുണ്ട്. റവന്യൂ റിക്കവറിയിലേയ്ക്ക് പോകുമ്പോൾ അവർ കോടതിയിൽ പോകുന്നുണ്ട്. റവന്യൂ റിക്കവറി ഉൾപ്പെടെ വേഗത്തിലാക്കാൻ ശ്രമിക്കുന്നുണ്ട്. കോടതി നടപടിക്രമങ്ങളാണ്. നമ്മുടെ കയ്യിൽ നിൽക്കുന്നതല്ല. ചില കേസുകളിൽ കോടതിയുടെ സ്റ്റേ നിലനിൽക്കുന്നതിനാൽ അത് പൂർത്തീകരിക്കാൻ ശ്രമിക്കും.

പണം നഷ്ടപ്പെട്ട ആളുകൾക്ക് ഇതിന്റെ പേരിൽ നഷ്ടമുണ്ടാകാതെ നോക്കും. കഴിഞ്ഞ പത്തുപതിനഞ്ച് വർഷത്തിനിടെ ഒറ്റപ്പെട്ട കേസുകൾ മാത്രമേ വന്നിട്ടുള്ളൂ. ഇത്തരം തട്ടിപ്പുകൾ ഉണ്ടാകുമ്പോൾ ഉടനടി നടപടി സ്വീകരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

**പരുത്തിയുടെ വിലക്കയറ്റം തടയാൻ നടപടി**

(*333) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരുത്തിയുടെ വിലക്കയറ്റം കൈത്തറി മേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഉത്തരേന്ത്യ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വൻകിട കമ്പനികൾ വൻതോതിൽ പരുത്തി വാങ്ങി സംഭരിക്കുന്നത് പരുത്തിയുടെ വിലവർദ്ധനവിന് കാരണമാകുന്നുവെന്നത് വസ്തുതയാണോ;

(സി) എങ്കിൽ ഇത് തടയാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) പരുത്തിയുടെ വിലക്കയറ്റം കൈത്തറി മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. പരുത്തിയുടെ വില ഉയരുന്നതിന് ആനുപാതികമായി നൂലിന്റെ വില ആഭ്യന്തര വിപണിയിൽ ഉയരുന്നില്ല. കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുമ്പോൾ ഉല്പാദന ചെലവ് കൂടുന്ന സാഹചര്യമാണുള്ളത്. ഇതുമൂലം കൈത്തറി ഉൽപ്പന്നങ്ങളുടെ വില ക്രമാതീതമായി ഉയരുകയും ഉൽപ്പന്നങ്ങൾ കമ്പോളത്തിൽ വിൽക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ഇത് കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം, തൊഴിലാളികളുടെ വേതനം, തൊഴിൽ ലഭ്യത എന്നിവയെയും സാരമായി ബാധിക്കുന്നു.

പരുത്തി (കോട്ടൺ) പ്രധാന അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന, പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനത്തെ പരുത്തിയുടെ വിലക്കയറ്റം സാരമായി ബാധിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചിട്ടില്ല. എന്നാൽ മുൻകാലങ്ങളിൽ സീസൺ സമയത്ത് പരുത്തിയുടെ വിലയിൽ ഗണ്യമായ കുറവ് വന്നിരുന്നുവെങ്കിലും

നിലവിൽ പരുത്തിയ്ക്ക് വിളവെടുപ്പ് സമയങ്ങളിൽ പോലും ഉയർന്ന വിലയാണുള്ളതെന്ന് കാണുന്നു.

(സി) കേന്ദ്ര സർക്കാർ സ്ഥാപനമായ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യ (CCI) ആണ് പരുത്തിയുടെ മിനിമം സപ്പോർട്ട് പ്രൈസ് (MSP) നിശ്ചയിക്കുന്നത്. കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യ കൈത്തറി മേഖലയിൽ ഉപയോഗപ്രദമായ രീതിയിൽ ഇടപെടൽ നടത്തിയാൽ പരുത്തിയുടെ വിലയിലെ അസാധാരണവും അനിയന്ത്രിതവുമായ വർദ്ധന നിയന്ത്രിക്കാനാവും. ഇക്കാര്യം യൂണിയൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

പരുത്തിയുടെ ഉയർന്ന വില ക്രമീകരിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പരുത്തിയുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പരുത്തിയുടെ വിളവെടുപ്പ് സീസണിൽ തന്നെ അവ വാങ്ങുന്നതിന് സർക്കാർ തീരുമാനിച്ചു. പ്രസ്തുത പ്രക്രിയ സുഗമമായി നടപ്പിലാക്കുന്നതിന് കോട്ടൺ ബോർഡ് രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പരുത്തി

വാങ്ങുന്നതിനായി ഈ സാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തുകയും 70 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി.)-ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, കൈത്തറി ഉൽപ്പന്നങ്ങളുടെ വില അതിന്റെ മാർക്കറ്റിനെ സാരമായി ബാധിച്ചിട്ടുണ്ട്. മാർക്കറ്റ് ഉണർത്തുന്നതിനുവേണ്ടിയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇതിനായി മാർക്കറ്റ് ഇൻസെന്റീവ് കൊടുക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ മാർക്കറ്റ് ഇൻസെന്റീവ് പുന:സ്ഥാപിച്ചെങ്കിലും നിർത്തലാക്കിയ സംസ്ഥാന സർക്കാരിന്റെ മാർക്കറ്റ് ഇൻസെന്റീവ് പുന:സ്ഥാപിച്ചിട്ടില്ല. National Handloom Development Corporation Limited (NHDC) നൂലിന്റെ സബ്സിഡി 10 ശതമാനത്തിൽനിന്നും 15 ശതമാനമായി വർദ്ധിപ്പിച്ചു. എന്നാൽ സംസ്ഥാന ഗവൺമെന്റ് സബ്സിഡി തീരുമാനിച്ചത് 2011-ൽ ആണ്. ഇതുവരെയും അത് പരിഷ്കരിക്കുകയോ കൂട്ടുകയോ ചെയ്തിട്ടില്ല. നാൽപ്പതാം നമ്പർ നൂലിന് കിലോഗ്രാമിന് 25 രൂപയാണ് സബ്സിഡിയായി നൽകുന്നത്. അത്

വർദ്ധിപ്പിക്കാനും മാർക്കറ്റ് ഇൻസെന്റീവ് ഏർപ്പെടുത്തുന്നതിനും വേണ്ടിയിട്ടുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, കേരളം കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനായി ധാരാളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ നടപ്പിലാക്കിയ സ്കൂൾ യൂണിഫോം പദ്ധതിയാണ് ഈ മേഖലയിൽ ചലനാത്മകത സൃഷ്ടിച്ചത്. നമ്മുടെ പ്രധാന പ്രശ്നം നേരത്തെ സൂചിപ്പിച്ചതുപോലെ പരുത്തിയുടെ വില വല്ലാതെ കൂടുന്നതോടുകൂടി നൂലിന്റെ വില മാർക്കറ്റിൽ ഇടിയുകയാണ്. ഇതിൽ മാറ്റമുണ്ടാകുന്നില്ല. അതാണ് ഈ പ്രതിസന്ധിക്ക് കാരണം. അതിനായി ഗവൺമെന്റ് പലവിധത്തിലുള്ള സപ്പോർട്ടുകൾ ചെയ്യുന്നുണ്ട്. ബഹുമാന്യനായ അംഗം പറഞ്ഞതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യാവുന്നതാണ്. എന്നാൽ അതിനേക്കാൾ കൂടുതൽ സാമ്പത്തികമായ സപ്പോർട്ടുകൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. മാർക്കറ്റിംഗിന്റെ കാര്യത്തിലും നൂലിന്റെ ലഭ്യതയുടെ കാര്യത്തിലും പൊതു സംവിധാനങ്ങളുണ്ട്. ഇപ്പോൾ കോട്ടൺ ബോർഡ് ഉൾപ്പെടെയുള്ള പുതിയ സംവിധാനങ്ങളിലൂടെ പരമാവധി സീസണിൽ ഗുണമേന്മയുള്ള കോട്ടൺ വില കുറച്ച് സംഭരിക്കാൻ

കഴിയുമോയെന്നുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അങ്ങയുടെ മറുപടിയിൽപ്പറഞ്ഞതുപോലെ ഏറെ സ്വാഗതം ചെയ്ത പദ്ധതിയാണ് സ്കൂൾ യൂണിഫോം കൈത്തറിയിലേയ്ക്ക് മാറ്റുന്നത്. ഇതിനെത്തുടർന്ന് നെയ്ത്ത് തൊഴിലാളികൾ അവരുടെ കൈത്തറിയെല്ലാം സ്കൂൾ യൂണിഫോം നെയ്യുന്ന തരത്തിലേയ്ക്ക് വലിയ മുതൽമുടക്കിൽ പുന:സംഘടിപ്പിക്കുകയുണ്ടായി. അതിൽ ഇപ്പോൾ മറ്റ് തുണിത്തരങ്ങൾ നെയ്യാൻ നിവർത്തിയില്ല. കഴിഞ്ഞ ഓണത്തിനുശേഷം മൂന്ന് മാസമാണ് ഇവർക്ക് നൂൽ വിതരണം ചെയ്തിട്ടുള്ളത്. അതിനുശേഷം നൂൽ വിതരണം മുടങ്ങിയിരിക്കുകയാണ്. 6 മാസമായി കൈത്തറി യൂണിഫോം നെയ്ത്തവരുടെ കൂലി മുടങ്ങിക്കിടക്കുകയാണ്. ഇപ്പോൾ ബോണസ് ആകാൻ പോകുകയാണ്. ഈ രണ്ട് മാസമെങ്കിലും കൃത്യമായി നൂൽ നൽകിയില്ലെങ്കിൽ അവരുടെ ഓണക്കാലം വളരെ ദുരിതത്തിലാകും. അതിനാൽ അടിയന്തരമായി നൂൽ വിതരണം ചെയ്യാനും അവരുടെ കൂലി കുടിശ്ശിക നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ ഈ പദ്ധതി ആരംഭിച്ചതിനുശേഷം നൽകിയിട്ടുള്ള പണത്തിന്റെ കണക്കുകളുടെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഡിസംബർ മാസം വരെയുള്ള കൂലിയാണ് വിതരണം ചെയ്തിട്ടുള്ളത്. വിദ്യാഭ്യാസ വകുപ്പുവഴി ലഭിക്കുന്ന പണം കൈമാറിയാണ് തൊഴിലാളികൾക്ക് നൽകിക്കൊണ്ടിരിക്കുന്നത്. ഇനി 18 കോടി രൂപ അനുവദിച്ച് നൽകാനുണ്ട്. അത് അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ രണ്ട് വകുപ്പും സ്വീകരിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് അത് തൊഴിലാളികൾക്ക് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. നൂലിന്റെ വിലയിനത്തിൽ സ്പിന്നിംഗ് മില്ലുകൾക്ക് 5.64 കോടി രൂപ കൂടി അനുവദിച്ചുനൽകാനുണ്ട്. ഇതുവരെ 339.93 കോടി രൂപയാണ് ഈ പദ്ധതി ആരംഭിച്ചതിനുശേഷം സർക്കാർ ഈ മേഖലയിൽ വിതരണം ചെയ്തിട്ടുള്ളത്.

ശ്രീമതി ഉമ തോമസ്: സർ, കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്നവരുടെ വേതനം വർദ്ധിപ്പിച്ച് അവർക്ക് കൂടുതൽ മെച്ചപ്പെട്ട തൊഴിൽ, ജീവിത സാഹചര്യങ്ങളും ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കി

കൈത്തറി മേഖലയുടെ നിലനിൽപ്പ് സാധ്യമാക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കാൻ പുതുതലമുറയെ ആകർഷിക്കുന്നതിനും സാധ്യമാകുന്ന രീതിയിലുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, അതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ തന്നെ ഹെൽത്ത് മേഖലയിൽ പ്രത്യേകമായ സംവിധാനം നടപ്പിലാക്കുന്നുണ്ട്. ഇതിനായി പുതിയ പദ്ധതി ഇത്തവണ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാഴ്ച കുറവുള്ളവർക്ക് രണ്ടായിരം രൂപ കണ്ണട അലവൻസ് അനുവദിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. 15 ലക്ഷം രൂപ ഇതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. ചെറുപ്പക്കാരെ ആകർഷിക്കുന്നതിനുവേണ്ടി യുവ വീവ് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 18-നും 40-നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കളാണ് ഇതിന്റെ ഗുണഭോക്താക്കൾ. മൂന്ന് മാസം 200 രൂപ വീതം നൽകി കൈത്തറി പരിശീലനം നൽകുന്നതാണ്. അതിനുശേഷം മൂന്ന് മാസത്തേയ്ക്ക് ഇവർ തൊഴിൽ ചെയ്യുന്ന സ്ഥലങ്ങളിൽ ഗവൺമെന്റിന്റെ ഭാഗമായി 125 രൂപ അധികം വേജ് സപ്പോർട്ട് നൽകുന്നുണ്ട്. ഇതുപ്രകാരം ഈ

സാമ്പത്തിക വർഷം 80 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഈ വർഷവും അതിനുവേണ്ടി 22.42 ലക്ഷം രൂപ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. 75 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, കൈത്തറി വ്യവസായത്തെ സംബന്ധിച്ച് ഗ്രാമപ്രദേശങ്ങളിൽ തറിയൊച്ചകൾ ഉയർന്നുകേട്ടിരുന്നൊരു നല്ല കാലഘട്ടം നമുക്കുണ്ടായിരുന്നു. പ്രവർത്തന മൂലധനമില്ലാത്ത പ്രാഥമിക സംഘങ്ങളെ സഹായിക്കുവാനായി സർക്കാർ എന്ത് പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്?

ശ്രീ. പി. രാജീവ്: സർ, കൈത്തറി മേഖലയുടെ പൊതുവായ പ്രതിസന്ധി നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞു. നമുക്ക് സാധ്യമാകുന്ന രൂപത്തിലുള്ള സാമ്പത്തിക പിന്തുണയാണ് പല തലങ്ങളിൽ ഈ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സംഘങ്ങൾക്കും ആവശ്യമായ പിന്തുണ നൽകുന്നുണ്ട്. ചിലയിടങ്ങളിൽ പ്രവർത്തനമൂലധനമായും മറ്റിടങ്ങളിൽ നൂൽ സംഭരിച്ചുനൽകുന്നതിനും സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, പരുത്തിയുടെ അമിത വിലവർദ്ധന കാരണം ടെക്സ്റ്റൈൽ മില്ലുകൾ കടുത്ത പ്രതിസന്ധി നേരിടുകയാണ്. NTC മില്ലുകളുടെ നിലവിലുള്ള അവസ്ഥ വിവരിക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, പൊതുവേ കേരളത്തിൽ ഉണ്ടായിരുന്ന NTC മില്ലുകളെല്ലാം തന്നെ അടച്ചുപൂട്ടിയിരിക്കുകയാണ്. ഈ പ്രതിസന്ധി നമുക്ക് മാത്രമല്ല ഉണ്ടായത്. തിരുപ്പൂർ ഇതിന്റെ പ്രധാനപ്പെട്ടൊരു മേഖലയായിരുന്നു. അവിടെയും ടെക്സ്റ്റൈൽ മില്ലുകളെല്ലാം തന്നെ അടച്ചുപൂട്ടുന്ന സാഹചര്യമാണുള്ളത്. കേരളത്തിൽ ആറ് മില്ലുകളാണ് NTC-യ്ക്ക് ഉണ്ടായിരുന്നത്. കൊല്ലം പാർവ്വതി സ്പിന്നിംഗ് മിൽ 2008 മുതൽ അടച്ചിട്ടിരിക്കുകയാണ്. അളഗപ്പ, കണ്ണൂർ, കേരളലക്ഷ്മി, വിജയമോഹിനി തുടങ്ങിയ ബാക്കിയുള്ള അഞ്ച് മില്ലുകൾ കോവിഡ് സമയത്ത് അടച്ചശേഷം തുറന്ന് പ്രവർത്തിച്ചിട്ടില്ല. അത് തുറന്ന് പ്രവർത്തിക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ പലതവണ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അല്ലെങ്കിൽ നമുക്ക് കൈമാറിത്തന്നാൽ മറ്റ് കാര്യങ്ങൾക്കായി അത് ഉപയോഗിക്കാമെന്നൊരു നിർദ്ദേശവും മുന്നോട്ടുവച്ചിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളുടെ അഭിമാനസ്തംഭമാണ് ട്രാവൻകൂർ ടൈറ്റാനിയം. ലാഭകരമായി പ്രവർത്തിച്ചിരുന്ന TTP ഈ അടുത്ത കാലത്തായി ഭീമമായ നഷ്ടത്തിലാണ്. കഴിഞ്ഞ ദിവസം അവിടുത്തെ ട്രേഡ് യൂണിയൻ അംഗങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയെ വന്നുകണ്ടിരുന്നു. നിലവിലുള്ള ഈ പ്രതിസന്ധി മറികടക്കാനും TTP-യെ പഴയ പ്രതാപത്തിലേയ്ക്ക് കൊണ്ടുവരാനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, ട്രാവൻകൂർ ടൈറ്റാനിയം കൈത്തറി മേഖലയിലേയ്ക്ക് തിരിയാൻ ഇതുവരെയും തീരുമാനിച്ചിട്ടില്ല. എങ്കിലും അദ്ദേഹം പറഞ്ഞ കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കുന്നതാണ്.

ശ്രീമതി സി. കെ. ആശ: സർ, ഖാദിയുമായി ബന്ധപ്പെട്ടതാണ് എന്റെ ചോദ്യം. ഖാദി തൊഴിലാളികൾക്ക് കുറേ മാസങ്ങളായി അവരുടെ മിനിമം വേതനവും ഇൻസെന്റീവും മുടങ്ങിക്കിടക്കുകയാണ്. അത് അടിയന്തരമായി കൊടുക്കുമോ; അവർക്ക് ഇൻസെന്റീവ് നൽകുന്നതിനുപകരം മാസംതോറും ശമ്പളം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യയായ അംഗം ഖാദി മേഖലയിൽ ചൂണ്ടിക്കാണിച്ച കാര്യം ഗൗരവമുള്ളതാണ്. തൊഴിൽ വകുപ്പ് ലേബർ ഇൻകം സപ്പോർട്ട് സ്കീമായിട്ടാണ് അത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ കുടിശ്ശിക അടിയന്തരമായി നൽകുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. വി. ശശി: സർ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലുകൾ കൈത്തറിക്കാവശ്യമായ നൂൽ നിർമ്മിക്കുന്നില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, നേരത്തെതന്നെ നിലവിലുള്ള മില്ലുകളുടെ പൊതുസ്ഥിതി ഞാൻ പറഞ്ഞു. എല്ലായിടത്തും ടെക്സ്റ്റൈൽ മില്ലുകൾക്ക് കുറേ പ്രതിസന്ധികൾ ഉണ്ടല്ലോ. ഏറ്റവും മോഡേണൈസായ മില്ലാണ് കോമളപുരം സ്പിന്നിംഗ് മിൽ. അവിടെ ഒരു കിലോഗ്രാം നൂൽ നിർമ്മിക്കുന്നതിനായി ഉല്പാദന ചെലവ് 232 രൂപയാണ്. അതിന്റെ ശരാശരി വിപണന വില 200 രൂപയാണ്. ഒരു കിലോഗ്രാം നൂൽ ഉല്പാദിപ്പിച്ചാൽ അവിടെ 32 രൂപ

നഷ്ടമാണുണ്ടാകുന്നത്. എന്നാൽ കോട്ടയം ടെക്സ്റ്റൈൽസിൽ ഒരു കിലോഗ്രാം നൂൽ ഉല്പാദിപ്പിച്ചാൽ അവിടെ 60 രൂപയാണ് നഷ്ടമുണ്ടാകുന്നത്. പ്രഭുറാം മില്ലിൽ ഒരു കിലോഗ്രാം നൂൽ ഉല്പാദിപ്പിക്കുമ്പോൾ 47 രൂപ നഷ്ടം സംഭവിക്കുന്നു. എടരിക്കോട് സ്പിന്നിംഗ് മില്ലിൽ ഇത് 62 രൂപയുടെ നഷ്ടമുണ്ടാക്കുന്നു. പരുത്തിയുടെ വിലക്കൂടുതലും നൂലിന്റെ വിലക്കുറവുംമൂലം ഉല്പാദനം കൂടുന്തോറും ഭീമമായ നഷ്ടം സംഭവിക്കുകയാണ്. ഇതാണ് ഇതിന്റെ അടിസ്ഥാനമായ പ്രതിസന്ധി. ഇതിനിടയിൽ ഇവിടെ പറഞ്ഞ കാര്യങ്ങൾ എത്രമാത്രം ചെയ്യാൻ കഴിയുമെന്നുള്ളതും പ്രത്യേകം പരിശോധിക്കാം.

<u>ശ്രീ. എം. വിജിൻ</u>: സർ, കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ സംരക്ഷണം വളരെ പ്രധാനപ്പെട്ടതാണ്. അതിനായി എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യയായ തൃക്കാക്കര അംഗം ചോദിച്ച ചോദ്യത്തിന്റെ മറുപടിയിൽ ഞാൻ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്. പ്രത്യേകമായിട്ടുള്ള ആരോഗ്യ പരിരക്ഷ പദ്ധതി, കാഴ്ച കുറവുള്ള ആളുകൾക്ക്

കണ്ണട നൽകുന്നതിനുള്ള പദ്ധതി തുടങ്ങിയവയെല്ലാം സർക്കാർ നടപ്പിലാക്കുന്നുണ്ട്.

## നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

(*334) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടക്കമുള്ള നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നികുതി വകുപ്പിലെ ഓഡിറ്റ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ വിഭാഗങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി നിയമപ്രകാരം ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടവരെക്കൊണ്ട് രജിസ്ട്രേഷൻ

എടുപ്പിക്കാനും അവർ നികുതി അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലാപാൽ): സർ,

(എ) സംസ്ഥാനത്ത് AI അടക്കമുള്ള നൂതന സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി നികുതി പിരിവിനെ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ വകുപ്പ് ശ്രമിച്ചുവരുന്നു. നിർമ്മിത ബുദ്ധിയുടെ സാധ്യത ഉപയോഗിച്ച് വ്യാപാര സംബന്ധമായ വിവരങ്ങൾ വിശദമായി വിശകലനം ചെയ്ത് Red Flag report generate ചെയ്യുന്ന സാങ്കേതിക വിദ്യയാണ് BIFA അഥവാ Business Intelligence & Fraud Analytics. ഇതുവഴിയുള്ള മെഷീൻ learning മൊഡ്യൂളുകളിലൂടെ വിൽപ്പനകൾ കുറച്ച് റിപ്പോർട്ട് ചെയ്യൽ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കൂടുതൽ കണക്കാക്കൽ പോലുള്ള അസാധാരണങ്ങളായ പ്രവർത്തനങ്ങളെ തിരിച്ചറിയാൻ കഴിയുന്നു. ഇതുകൂടാതെ നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകളുടെ കൃത്യതയും പൂർണ്ണതയും പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ NIC ചിട്ടപ്പെടുത്തി Comprehensive Analytical Report (RFID), VAHAN എന്നിവയുമായി സംയോജിപ്പിച്ച് ചരക്ക് നീക്കം

തൽസമയം ട്രാക്ക് ചെയ്ത് റിപ്പോർട്ടുകൾ തരുന്നു. മറ്റൊരു നൂതന സാങ്കേതികവിദ്യ, സംസ്ഥാനത്തിന്റെ അതിർത്തികളിൽ സ്ഥാപിച്ചിരിക്കുന്ന AI-യുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ANPR സിസ്റ്റമാണ്. ഇത് സംസ്ഥാനത്തിനകത്തേക്കുള്ള ചരക്ക് നീക്കത്തെ സമീപത്ത് വിന്യസിച്ചിട്ടുള്ള എൻഫോഴ്സ്മെൻറ് സ്ക്വാഡുകളുമായി മൊബൈൽ ഫോൺ വഴി ബന്ധിപ്പിച്ചുകൊണ്ട് നിരീക്ഷണം നടത്തി വരുന്നുണ്ട്. ഈ ക്യാമറകളെ കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂം വഴി നിരീക്ഷിച്ചും, അതുവഴി കടന്നുവരുന്ന വാഹനങ്ങളിലൂടെയുള്ള ചരക്ക് നീക്കം വിലയിരുത്തിയും വരുന്നു. ഇത് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ അനലിറ്റിക്സിലൂടെ വിദഗ്ദ്ധ വിശകലനം ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. നികുതി വകുപ്പിലെ ഓഡിറ്റ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഓഡിറ്റ് വിഭാഗം

നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതിദായകർ സൂക്ഷിച്ചിരിക്കുന്ന രേഖകളും അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് അവർ ഫയൽ ചെയ്ത റിട്ടേണുകളുമായി താരതമ്യം ചെയ്ത് എവിടെയെങ്കിലും നികുതി ചോർച്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു. എൻഫോഴ്സ്മെൻറ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇ-വേ ബിൽ, ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപ്രകാരം ചരക്ക് നീക്കങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇരുപത്തിനാല് മണിക്കൂറും പട്രോളിങ്ങിലേർപ്പെട്ടിരിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും നികുതി വെട്ടിച്ച് നടത്തുന്ന ചരക്ക് നീക്കങ്ങളെ തടഞ്ഞ് പിഴ ചുമത്തുകയും കണ്ടുകെട്ടേണ്ടതായ കേസുകളിൽ നികുതി വെട്ടിച്ച് കടത്തുന്ന ചരക്കുകളും വാഹനങ്ങളും കണ്ടുകെട്ടാനാവശ്യമായ നടപടികളെടുക്കുന്നു. ഇതുകൂടാതെ വാഹന

പരിശോധനയിൽ കണ്ടെത്തുന്ന തുടരന്വേഷണം ആവശ്യമായ കേസുകൾ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറുകയും ചെയ്യുന്നു.

(സി) ഉണ്ട്. വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി നിയമപ്രകാരം ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടവരെക്കൊണ്ട് രജിസ്ട്രേഷൻ എടുപ്പിക്കാനും അവർ നികുതി അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്, ടാക്സ്പേയർ സർവീസസ് എന്നീ വിഭാഗങ്ങൾ സംസ്ഥാനത്തുടനീളം നടത്തിവരുന്ന ഫീൽഡ് സർവ്വേയിലൂടെയും മറ്റ് സ്രോതസ്സുകളിലൂടെയുമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലും വാർഷിക വിറ്റുവരവ് പരിധി കഴിഞ്ഞിട്ടും രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്നവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. ടി. സിദ്ദീഖ്:</u> സർ, ഉപഭോക്തൃസംസ്ഥാനമായിട്ടുള്ള കേരളത്തിൽ പതിനായിരക്കണക്കിന് ആളുകളാണ് ഓൺലൈൻ പോർട്ടലുകളായിട്ടുള്ള ഫ്ലിപ്കാർട്ട്, ആമസോൺ, മിന്ത്ര ഉൾപ്പെടെയുള്ളതായിരിക്കുന്ന വിവിധ മേഖലകളിലൂടെ കോടിക്കണക്കിന് രൂപയുടെ സാധനങ്ങൾ അവർ പർച്ചേസ്

ചെയ്യുന്നു. ഇവയിൽ ഏറിയ പങ്കും ഉൾപ്പാദിപ്പിക്കുന്നത് ഇതര സംസ്ഥാനങ്ങളിലാണ്. ഇത്തരം ഇടപാടുകൾക്ക് IGST ഈടാക്കേണ്ടതുണ്ട്. ഇതിൽ നിന്ന് നമ്മുടെ സംസ്ഥാനത്തിന് വലിയ രീതിയിലുള്ള വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടോ? ഉണ്ടാകുന്നുണ്ടെന്നുള്ളത് അനുമാനിക്കപ്പെടുന്നു. അങ്ങനെയെങ്കിൽ അത് തടയുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: ഇക്കാര്യത്തിൽ അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്. കൺസ്യൂമർമാർ ധാരാളമുള്ള സ്ഥലമെന്ന നിലയിൽ ഓൺലൈനായിട്ടുള്ള ധാരാളം സ്ഥാപനങ്ങൾ വഴി ഇവിടെ കച്ചവട ഉൽപ്പന്നങ്ങൾ വരുന്നുണ്ട്. അതിനകത്ത് ഏറ്റവും പ്രധാനം ആമസോൺ ഉൾപ്പെടെയുള്ള കമ്പനികളാണ്. അതുമാത്രമല്ല ആപ്പിളും ഫ്ലിപ്പ്കാർട്ട് പോലെയുള്ള ഓൺലൈൻ സർവ്വീസസും ധാരാളമുണ്ട്. നമ്മൾ സിനിമ കാണുന്നതിനുവേണ്ടി ഒ.റ്റി.പി. ഡൗൺലോഡ് ചെയ്യുകയാണ്. ബില്ലിൽ നോക്കിയാൽ ഇൻവോയിസിനകത്ത് ജി.എസ്.ടി. കാണിക്കുന്നുണ്ട്. ഇതുകൃത്യമായി കിട്ടുന്നില്ലല്ലോയെന്ന പ്രശ്നം കേരളം ഉന്നയിച്ചിരുന്നു. നിരന്തരമായി

ഈ പ്രശ്നങ്ങൾ പലതും IGST-യുടെ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നൊരു സ്റ്റേറ്റാണ് കേരളം. ഏറ്റവും കൂടുതൽ ഇത്തരം കാര്യങ്ങളിൽ നമുക്ക് നഷ്ടം വരുന്നുണ്ട് പഠനം വേണമെന്ന് പറഞ്ഞിരുന്നു. ആ ചോദ്യം ഉന്നയിച്ചതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. നമുക്ക് അഭിമാനകരമൊയാരു കാര്യം പറയാം. കഴിഞ്ഞ ജി.എസ്.ടി. കൗൺസിൽ യോഗം ചേർന്നപ്പോൾ കേരളം കൊടുത്ത ചില കണക്കുകളുടെ അടിസ്ഥാനത്തിൽ നമ്മുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായിട്ടുള്ള ഇത്തരം ബിസിനസ്സുകൾ ഇതുവരെ അവർക്ക് E-Way ബില്ലിന്റെ സംവിധാനം ഉണ്ടായിരുന്നില്ല. ഇപ്പോൾ E-Way ബില്ലുകൾ രേഖപ്പെടുത്തണമെന്നൊരു സംവിധാനം വന്നു. 500 കേസുകൾ നമ്മൾ എടുത്തു. അമസോണിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ ബില്ല് വച്ച് പരിശോധിച്ചപ്പോൾ ഇവിടെ ആ ടാക്സ് വന്നിട്ടില്ല. അങ്ങനെ പരിശോധിച്ച് ദീർഘമായ ഒരു പ്രക്രീയയിൽകൂടി ഇത് ബോധ്യപ്പെടുത്തി സെൻട്രൽ കൗൺസിൽ ഇത് അംഗീകരിച്ചിട്ടുണ്ട്. ഇനി ഓൺലൈനായിട്ട് വരുന്ന സാധനങ്ങളുടെ കാര്യത്തിൽ ഏത് സാധനം എടുത്താലും നമുക്കത് കിട്ടാനുള്ള സംവിധാനമുണ്ടായിട്ടുണ്ട്. ഇതുമാത്രമല്ല

IGST സംബന്ധിച്ച് നമ്മൾ നേരത്തെമുതൽ നിരന്തരമായി ഉന്നയിച്ചുകൊണ്ടിരിക്കുന്ന പ്രശ്നമുണ്ട്. IGST സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് കൃത്യമായിട്ട് ഈ കാര്യങ്ങളെ സംബന്ധിച്ച് ബോധ്യപ്പെടുത്താൻ കൂടുതൽ നടപടിയെടുക്കണമെന്നൊക്കെ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഈ കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിനുശേഷം രണ്ടാഴ്ചക്കകം എല്ലാ സംസ്ഥാനങ്ങളിലേയും ഉദ്യോഗസ്ഥരെ വിളിച്ച് IGST സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഒന്നുകൂടി കൃത്യത വരുത്താനുള്ള ഇടപെടൽ വന്നിട്ടുണ്ട്. ഇവിടെ ഉന്നയിച്ച ചോദ്യത്തിനകത്ത് ഫ്ലിപ്കാർട്ട്, ആമസോൺ, മറ്റ് ഓൺലൈൻ സർവ്വീസസ് അതിന്റെയെല്ലാം ടാക്സ് ഇനി മുതൽ ഓൺലൈൻ വരുന്ന കാര്യങ്ങൾക്ക് E-Way bill വരണമെന്നുള്ള കാര്യം വന്നിട്ടുണ്ട്. അത് കേരളത്തിന് ഗുണപ്രദം ആകുമെന്നാണ് വിശ്വസിക്കുന്നത്.

<u>ശ്രീ. ടി. സിദ്ദീഖ്:</u> 40 ലക്ഷം രൂപയിൽ കൂടുതൽ വിറ്റ് വരവുള്ള സ്ഥാപനങ്ങളാണ് ജി.എസ്.ടി.യുടെ പരിധിയിൽ വരുന്നത്. സംസ്ഥാനത്ത് ഇത്തരം വിറ്റുവരവുള്ള പല സ്ഥാപനങ്ങളും ജി.എസ്.ടി. നെറ്റ് വർക്കിന്റെ പുറത്താണ് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? IGST വിഹിതം

കൃത്യമായി നമുക്ക് ലഭ്യമാകണമെങ്കിൽ ഇത് പരിധിയിൽ വരേണ്ടതുണ്ട്. അതിനുവേണ്ടി സ്വീകരിച്ചതായ നടപടികൾ എന്തൊക്കെ?

ശ്രീ. കെ. എൻ. ബാലഗോപാൽ: അദ്ദേഹം പറഞ്ഞത് വളരെ ശരിയായൊരു കാര്യമാണ്. വാറ്റ് കാലത്ത് പരിധി പത്ത് ലക്ഷമായിരുന്നു. എന്നാൽ ജി.എസ്.ടി. വന്നപ്പോൾ ഈ പരിധി നാൽപ്പത് ലക്ഷമായി. സേവനത്തിന്റെ കാര്യത്തിലത് സർവ്വീസ് ടാക്സ് വരുന്നതിനകത്ത് ഇരുപത് ലക്ഷമാണ്. ഇത്തരം പല കാര്യങ്ങളിലും വേണ്ടത്ര രജിസ്ട്രേഷൻ വരുന്നില്ല. അതുകൊണ്ട് ജി.എസ്.ടി. വകുപ്പ് ഈ നാൽപ്പത് ലക്ഷത്തിന്റെയും ഇരുപത് ലക്ഷത്തിന്റെയും കാര്യങ്ങൾ നോക്കിതന്നെ രജിസ്ട്രേഷൻ എടുക്കുന്നതിന് ആൾക്കാരെ കണ്ടെത്താനുള്ള സർവ്വേ നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ സ്ട്രീറ്റ് സർവ്വേ അടക്കമുള്ള കാര്യങ്ങൾ ചെയ്ത് റസ്റ്റോറന്റുകൾ, പല റസ്റ്റോറന്റുകളും കാണുമ്പോൾ വലിയ കച്ചവടം ഉണ്ടെന്നൊന്നും തോന്നില്ല. അവിടെ പോയിനോക്കി കൃത്യമായ ഒരു പഠനം നടത്തുമ്പോൾ ഈ റസ്റ്റോറന്റുകൾ, കാറ്ററിംഗ് സ്ഥാപനങ്ങൾ, ബ്യൂട്ടിപാർലർ, കോച്ചിംഗ് സെന്റർ, ട്യൂഷൻസെന്റർ തുടങ്ങി ബിടുസി

മേഖലയിൽ പ്രവർത്തിക്കുന്ന ധാരാളം സ്ഥാപനങ്ങളെ കണ്ടെത്തി രജിസ്ട്രേഷൻ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതിന്റെ കാര്യത്തിൽ ഇംപ്രൂവ്മെന്റ് ഉണ്ടാകുന്നുണ്ട്.

<u>ശ്രീ. ടി. ജെ. വിനോദ്:</u> സംസ്ഥാനത്ത് ജി.എസ്.ടി. വകുപ്പിൽ ഏകദേശം 52 ശതമാനം ഉദ്യോഗസ്ഥരെ റീ സ്ട്രക്ച്ചറിംഗ് നടത്തി ഒന്നര വർഷംമുമ്പ് പുതിയ ഒരു ഓഡിറ്റ് വിംഗ് രൂപീകരിക്കുകയുണ്ടായി. ഇവർക്ക് നിലവിൽ നൽകപ്പെട്ടിരിക്കുന്ന ടാർജറ്റ് ആകെ പ്രവർത്തിഭാരത്തിന്റെ 5 ശതമാനം മാത്രമാണെന്നതും ബാക്കി 95 ശതമാനം ജോലിയും അവശേഷിക്കുന്ന 48 ശതമാനം ഉദ്യോഗസ്ഥർ ചെയ്യേണ്ടിവരുന്നത് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതുമൂലം സംസ്ഥാനത്തിന്റെ അതിർത്തിയിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ നേരത്തെ 18, 20 സ്ക്വാഡുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഒന്നോ രണ്ടോ സ്ക്വാഡുകളായി ചുരുങ്ങുകയും അവർക്ക് കാര്യമായി ഒന്നും ചെയ്യാൻ കഴിയാതെവരികയും ചെയ്യുന്നു. ഇതുമൂലം തമിഴ്നാട് സർക്കാർ അതിർത്തിയിൽ പരിശോധന കൂടുതൽ ശക്തമാക്കുകയും തന്മൂലം കേരളത്തിലെ

വ്യാപാരികൾക്ക് തമിഴ്നാട് ജി.എസ്.ടി. വകുപ്പിൽ നിന്നും നോട്ടീസ് വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: ഓഡിറ്റ് വിഭാഗത്തിന് കൃത്യമായ മാനദണ്ഡങ്ങളുണ്ട്. നമ്മളിപ്പോൾ മൂന്ന് ഭാഗമായിട്ട് തിരിച്ചിട്ട് ടാക്സ്പേയർ സർവ്വീസ്, എൻഫോഴ്സ്മെന്റ് ഓഡിറ്റ് എന്ന വിഭാഗങ്ങളായിട്ട് തിരിച്ചാണ്. ഓഡിറ്റ് വിഭാഗം ആ മാനദണ്ഡങ്ങളനുസരിച്ചാണ് പ്രവർത്തിക്കുന്നത്. അതിനൊരു ചെക്ക്ലിസ്റ്റും മാനുവലുമുണ്ട്. നേരത്തെ വ്യക്തിനിഷ്ഠമായിട്ട് പലപ്പോഴും പോയി ആർബിട്രിയായിട്ടുള്ള ഡിസിഷൻ എടുക്കുന്നു, പണം അടക്കുന്നില്ല, ലിറ്റിഗേഷന് പോകുന്ന പണം വരുന്നില്ല എന്നുള്ള പ്രശ്നം മാറ്റി ഓഡിറ്റ് വ്യക്തിനിഷ്ഠമല്ലാതെ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത് പരിശോധനയുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നു. അതുകൊണ്ട് തന്നെ കുറച്ചുകൂടെ സുതാര്യമായി കാര്യങ്ങൾ നടക്കുന്നുണ്ട്. ഈ പ്രവർത്തനം തുടങ്ങി ആദ്യത്തെ ഏതാനും ദിവസങ്ങൾക്കകം 53 കോടി രൂപയുടെ നികുതി ഓഡിറ്റ് വിഭാഗം കണക്കാക്കിയതിൽ ഏകദേശം 16 കോടിരൂപ നോട്ടീസിനുമുമ്പ് തന്നെ

നികുതിദായകർ ഒടുക്കിയിട്ടുണ്ട്. കാരണം അവർക്ക് വിശ്വസനീയമായ കാര്യങ്ങളും രേഖകളും കാണിച്ചിട്ടാണ് ഈ വിഭാഗം കണക്കെടുക്കുന്നത്. അതുകൊണ്ടുതന്നെ പൈസ അടക്കുന്നുണ്ട്. ഇത് സാധാരണഗതിയിൽ ലിറ്റിഗേഷനിൽ പോകുന്ന ഒരു സ്വഭാവം പൊതുവേ ഉള്ളതിൽ നിന്ന് വ്യത്യാസമാണ്. പണം അടച്ചിട്ടുണ്ട്. ഇത് കൂടുതൽ കൃത്യമായി മുന്നോട്ട് പോകുന്തോറും കുറച്ചുകൂടി ഓഡിറ്റിന്റെ കാര്യത്തിൽ കൃത്യമായി കാര്യങ്ങൾ നടത്താൻ പറ്റുമെന്നാണ് വിശ്വസിക്കുന്നത്. അതുപോലെ അദ്ദേഹം ചോദ്യത്തിന്റെ ഭാഗമായിട്ട് തന്നെ ചോദിച്ചത് ഇന്റലിജൻസ് വിഭാഗം വേണ്ടത്ര കാര്യങ്ങൾ ചെയ്യുന്നില്ല എന്നുള്ള സംശയമാണ്. ഇന്റലിജൻസ് വിഭാഗം ഓരോ വർഷവും എടുത്തിട്ടുള്ള കണക്കുകൾ വിശദീകരിക്കാം. 2023-2024 സാമ്പത്തിക വർഷത്തിൽ ഇന്റലിജൻസ് വിഭാഗം വിവിധ മേഖലകളിലായിട്ട് നടത്തിയ 960 പരിശോധനകളിൽ നിന്നും 1775.28 കോടി രൂപ ജി.എസ്.റ്റി. വെട്ടിപ്പ് കണ്ടെത്തി അതിനകത്ത് ആ വർഷത്തിൽ 1709 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. വാഹനങ്ങളുടെ പരിശോധനയുടെ കാര്യത്തിലായാലും 2024-25-ൽ തന്നെ 178493 വാഹനങ്ങൾ പരിശോധിച്ചിട്ടുണ്ട്. 2023-24

വർഷത്തിൽ 918269 വാഹനങ്ങൾ പരിശോധിച്ചിട്ടുണ്ട്. 2022-23-ൽ 1092108 വാഹനങ്ങൾ പരിശോധിച്ചിട്ടുണ്ട്. പരിശോധനകൾ നടക്കുന്നുണ്ട്. നമുക്ക് കൂടുതൽ ഇതുമായി മുന്നോട്ട് പോകേണ്ടതിനാൽ അക്കാര്യങ്ങൾ ചെയ്യാം. വരുമാനം വരുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: ജി.എസ്.ടി.യുമായി ബന്ധപ്പെട്ട കാര്യം മന്ത്രി ഇവിടെ പറയുകയുണ്ടായി. അതോടൊപ്പം വിൽപ്പന നികുതിയുമായി ബന്ധപ്പെട്ടുകൊണ്ട് അസെസ്സ് ചെയ്തതിലുള്ള തർക്കങ്ങൾ ഉയർന്നുവന്ന് ഒട്ടേറെ ആളുകൾ പണം അടയ്ക്കാതെ കേസുകൾ നൽകി നിൽക്കുന്നുണ്ട്. അദാലത്തുവച്ച് ഇത്തരം പ്രശ്നം പരിഹരിക്കാൻ അലോചിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: ജി.എസ്.ടി. നിയമത്തിനകത്ത് അങ്ങനെ അദാലത്തുവച്ച് ചെയ്യുന്നതിനുള്ള പരിമിതികളുണ്ട്. എങ്കിൽപോലും ജി.എസ്.ടി. നടപ്പിലായതിനുശേഷം നടപടിക്രമങ്ങൾ പുതിയതായതുകൊണ്ട് കച്ചവടകാർക്ക് ചില പരിചയക്കുറവുണ്ട്. അവർ റിട്ടേൺ സമർപ്പിക്കുന്നതിനകത്ത് ചില പോരായ്മകൾ വന്നിട്ടുണ്ട്. അവർ നികുതി അടച്ചു. പക്ഷേ റിട്ടേണിനകത്ത് ചിലത് ഉൾക്കൊള്ളിച്ചില്ല. ഇത്തരം കേസുകൾ

ഒഴിവാക്കികൊടുക്കാനും ഈ വർഷം വരെയുള്ള കേസുകളിൽ ഫൈനില്ലാതെ പൈസ അടയ്ക്കാൻ അവസരം നൽകാനും ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. അദാലത്തിന്റെ ഒരു എഫെക്ട് തന്നെയാണ് അതിന്റെ ഭാഗമായി വരുന്നത്. മറ്റൊന്ന് ജി.എസ്.ടി.യ്ക്കല്ലാതെ സംസ്ഥാനത്തെ മറ്റു ടാക്സുകളുടെ കാര്യത്തിൽ ....... കഴിഞ്ഞ ബഡ്ജറ്റിനകത്തുതന്നെ കുറെയേറെ കേസുകളിൽ ചെറിയ ചെറിയ തുകയായിട്ടുള്ളവ ഒഴിവാക്കികൊടുക്കാൻ തീരുമാനിച്ചത് പൊതുവിൽ അപ്രീഷിയേറ്റ് ചെയ്ത ഒരു കാര്യമാണ്. 50000 രൂപ വരെയുള്ള ധാരാളം കേസുകളുമായിട്ട് ആളുകൾ നടക്കുന്നുണ്ട്. അത് ഒഴിവാക്കാനുള്ള സമീപനം എടുത്തിട്ടുണ്ട്. ജി.എസ്.ടി. കൗൺസിൽ ഇപ്പോഴെടുത്ത തീരുമാനത്തിൽ ഈ ആദ്യത്തെ 2, 3 വർഷക്കാലം ഇഗ്നോറൻസാണ്. പലതും ഈ സിസ്റ്റം പരിചയമില്ലാത്തത് കൊണ്ടുണ്ടായ കാര്യത്തിനകത്ത് സംസ്ഥാനത്തിനും രാജ്യത്തിനും നഷ്ടം വരാത്ത തരത്തിലേയ്ക്ക് ഈ കേസുകൾ തീർക്കാൻ വേണ്ടിയിട്ടുള്ള സമീപനം എടുത്തിട്ടുണ്ട്. പൊതുവിൽ ഓരോന്നും വിളിച്ച് അദാലത്ത് എന്നതിനെക്കാളും സിസ്റ്റത്തിൽ തന്നെ അക്കാര്യം വന്നിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല : സർ, എൻഫോഴ്സ്മെന്റ് വിഭാഗം ചരക്കുനീക്കങ്ങൾ സൂക്ഷ്മമായി പരിശോധിക്കുകയും ഇ-വേ ബിൽ, ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപരമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യുന്ന ജോലിയാണ് അവർ ചെയ്യുന്നത്. ഇവിടെ ചില കണക്കുകൾ അങ്ങ് സൂചിപ്പിച്ചു. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ എൻഫോഴ്സ്മെന്റ് വിഭാഗം കൂടുതൽ ശക്തിപ്പെടുത്തേണ്ട ആവശ്യകതയുണ്ടെന്നാണ് എന്റെയൊരു നിരീക്ഷണം. അത് ശരിയാണെങ്കിൽ, അവ കണക്കിലെടുത്ത് ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താനും നികുതി വെട്ടിപ്പ് തടയാനുമുള്ള സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, തീർച്ചയായിട്ടും. എൻഫോഴ്സ്മെന്റ് വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുകയും നികുതി വെട്ടിപ്പ് തടയുകയും ചെയ്യുക എന്നുള്ളത് നമ്മുടെയെല്ലാം പൊതുതാൽപര്യമാണ്. അത്തരം നിർദ്ദേശങ്ങൾക്കകത്തുള്ള കാര്യങ്ങൾ പരിശോധിച്ച് കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്. അതേസമയം ഇപ്പോൾ നടക്കുന്ന

പ്രവർത്തനങ്ങളെക്കുറിച്ചും തീരെ തള്ളിക്കളയാൻ പാടില്ല. എൻഫോഴ്സ്മെന്റ് വിഭാഗം കഴിഞ്ഞദിവസങ്ങളിൽ കുറെയേറെ പ്രവർത്തനങ്ങൾ നടത്തിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടുകാണുമല്ലോ. 1200 കോടി രൂപയുടെ ആക്രി കള്ളബില്ല് വ്യാപാരത്തിനെതിരെ 200 കോടി രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയ 'ഓപ്പറേഷൻ പാംഗ്രീ' ഇക്കഴിഞ്ഞ രണ്ടുമാസത്തിനകമാണ് നടന്നത്. ഈ കേസിൽ രണ്ടുപേരുടെ അറസ്റ്റ് രേഖപ്പെടുത്തുകയും അതിന്റെ നടപടിക്രമങ്ങൾ നടന്നുവരികയുമാണ്. ഒരുകൂട്ടം ഉദ്യോഗസ്ഥർ ഒരു ടീമായി നിന്നാൽ മാത്രമേ ആ വർക്ക് നടക്കുകയുള്ളൂ. പ്രസ്തുത ഉദ്യോഗസ്ഥർക്ക് എറണാകുളത്ത് ഒരു ഹോട്ടലിൽ വച്ച് ഒരു ട്രെയിനിംഗ് ക്യാമ്പ് ഉണ്ടായിരുന്നു. ഇത് ഹോട്ടലിൽ വച്ച് നടത്തിയത് ആർഭാടമാണെന്നു പറഞ്ഞ് വലിയൊരു വാർത്തയായി ടെലിവിഷനിൽ വന്നു. മുൻകൂട്ടി അവർക്ക് നോട്ടീസ് നൽകാതെ, അവർ ഒരുമിച്ച് ട്രെയിനിംഗിന് വന്നതുകൊണ്ടാണ് വളരെ പെട്ടെന്ന് അവിടെ എത്താൻ സാധിച്ചത്. നേരത്തെ ആലോചിച്ച്, മിന്നൽപരിശോധനയുണ്ടെന്ന് മുമ്പേ പറഞ്ഞിട്ട് പോയിട്ട് കാര്യമില്ല. 200-ഓളം സ്ഥലങ്ങളിൽ പരിശോധന നടത്തി. കഴിഞ്ഞ ദിവസം 42 ഹോട്ടലുകളിലാണ് ഒന്നിച്ച

പരിശോധന നടത്തിയത്. ധാരാളം ഹോട്ടലുകളുണ്ട്. കുറച്ച് ഹോട്ടലുകൾ സെലക്ട് ചെയ്ത് പോയി. പലയിടത്തും വലിയ തോതിൽ പണം അടയ്ക്കുന്നുണ്ട്. 170 കോടി രൂപയുടെ ടേൺ ഓവർ സപ്രഷനാണ് കണ്ടെത്തിയത്. ഇതിൽ എഴുകോടി രൂപയുടെ നികുതിവെട്ടിപ്പ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ കണ്ടെത്തിയിട്ടുണ്ട്. വാഹന പരിശോധനയും മറ്റുകാര്യങ്ങളുമൊക്കെ നടക്കുന്നുണ്ട്. ഓണം പ്രമാണിച്ചുള്ള 'കോമ്പിംഗ് ഓപ്പറേഷൻ' നടക്കുന്നുണ്ട്. വ്യാജ രജിസ്ട്രേഷനെടുക്കുന്നവരെ കണ്ടെത്താനുള്ള കാര്യങ്ങൾ നടക്കുന്നുണ്ട്. ആയിരത്തി എഴുന്നൂറ്റി ചില്വാനം കോടി രൂപ എൻഫോഴ്സ്മെന്റിന്റെ പരിശോധനവഴി, നികുതി വെട്ടിപ്പു മാത്രമല്ല, 'റിവേഴ്സൽ' എന്നു പറയുന്ന നടപടിക്രമമുണ്ട്. ഇന്ത്യയിൽ ആദ്യമായി ഏറ്റവും കൂടുതൽ ചെയ്തത് നമ്മളാണ്. ഇത്തരം കാര്യങ്ങൾ നമ്മൾ ചെയ്യുന്നുണ്ട്. എങ്കിലും ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് പറഞ്ഞകാര്യം ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താം. എൻഫോഴ്സ്മെന്റിന്റെ കാര്യത്തിൽ കൂടുതൽ സ്ട്രെങ്ത്തൻ ചെയ്യാവുന്നതാണ്, പ്രത്യേകിച്ച് ഓണം ഉൾപ്പെടെയുള്ള കാര്യം വരുമ്പോൾ. ഒരുകാര്യം കൂടി പറയാൻ ആഗ്രഹിക്കുകയാണ്. ജി.എസ്.ടി.-യുടെ ഹണിമൂൺ

പീരീഡ് കഴിഞ്ഞു. എങ്ങനെ ചെയ്യണമെന്ന് അറിയില്ല എന്ന് വ്യാപാരികൾ പറയുന്ന ഹണിമൂൺ പറ്റില്ല. കൃത്യമായി ഈ സിസ്റ്റം അവർക്ക് മനസ്സിലായിക്കഴിഞ്ഞു. ഗവൺമെന്റ് എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. ടാക്സ് വെട്ടിക്കുന്നവർക്ക് യാതൊരു ഇളവും കൊടുക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ നമുക്കൊരുമിച്ച് ശക്തമായി നിൽക്കാം. എൻഫോഴ്സ്മെന്റ് അടക്കമുള്ള കാര്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

ശ്രീ. കെ. പ്രേംകുമാർ : സർ, തനതു നികുതി വരുമാനം വർധിപ്പിക്കുന്നതിൽ ശ്രദ്ധേയമായ നടപടികളാണ് കേരളത്തിൽ ധനകാര്യവകുപ്പ് പൊതുവിൽ സ്വീകരിക്കുന്നത്. എങ്കിലും ധാരാളം പേരിൽനിന്ന് സർക്കാരിലേയ്ക്ക് ലഭിക്കേണ്ട നികുതി ലഭ്യമാക്കുന്നതിന്, നികുതി കുടിശ്ശിക കുറച്ചുകൊണ്ടുവരുന്നതിന് സർക്കാർ വേണ്ടത്ര ഇടപെടുന്നുണ്ടോ; എന്തെല്ലാം നടപടികളാണ് അക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. എൻ. ബാലഗോപാൽ : സർ, നികുതി കുടിശ്ശിക കളക്ട് ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. കുറെയേറെ കേസ്സുകളിൽകിടക്കുന്നതിന്റെ തടസ്സമുണ്ട്. പൊതുനികുതിയുമായി ബന്ധപ്പെട്ട

ഒരുകാര്യം പറയാം; ബാറുകൾ നികുതി അടയ്ക്കാത്ത ഒരു പ്രശ്നമുണ്ടായിരുന്നു. അതിന്റെ ഭാഗമായി 25 ബാറുകളുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിന് നോട്ടീസ് കൊടുത്തു. ഉല്പന്നങ്ങൾ കിട്ടാതെതന്നെ ക്യാൻസൽ ചെയ്തിട്ട് അവരുടെ കച്ചവടം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്തതരത്തിൽ ശക്തമായ നടപടിയെടുക്കേണ്ടിവന്നു. കാരണം വളരെ വലിയ ഡിഫക്റ്റ് അക്കാര്യത്തിലുണ്ടായിരുന്നു. ഇപ്പോഴത്തെ സഭാസമ്മേളനം നടക്കുന്നതിന്റെ തൊട്ടുമുമ്പ് അതിന്റെ ഭാഗമായി 13.6 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ലൈസൻസുമായി ബന്ധപ്പെട്ടുള്ള ടാക്സ് അടയ്ക്കാത്തവരിൽനിന്നും ഇക്കഴിഞ്ഞ ഒന്നുരണ്ടു മാസത്തിനകം 91 ലക്ഷം രൂപ വന്നിട്ടുണ്ട്. ടേൺ ഓവർ സപ്രഷനും മറ്റുകാര്യങ്ങളും പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഇക്കാര്യം കുറച്ചുകൂടി കർശനമാക്കി മുന്നോട്ടു കൊണ്ടുപോകാനാണ് സർക്കാർ ആലോചിക്കുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നമ്മുടെ ബിസിനസ്സിന്റെയും സർവ്വീസിന്റെയും ക്യാപിറ്റലിന്റെ സ്വഭാവം മാറുകയാണ്. കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. അസാമാന്യമായ പരിധികളില്ലാത്ത കൺസ്യൂമറിസം

ഉള്ള സ്റ്റേറ്റാണ് നമ്മുടേത്. ബിസിനസ്സും സർവ്വീസുമൊക്കെ ഇപ്പോൾ മാറി റീട്ടെയിൽ ബിസിനസ്സും ഹോൾസെയിൽ ബിസിനസ്സുമൊക്കെ പതിയെ തകർന്നുകൊണ്ടിരിക്കുകയാണ്. ഇത് ക്ലൗഡ് ക്യാപ്പിറ്റലിലേയ്ക്കും ക്ലൗഡ് ബിസിനസ്സിലേയ്ക്കും കാര്യങ്ങൾ മാറുകയാണ്. ആമസോണിനെക്കുറിച്ചും നെറ്റ്ഫ്ലിക്സിനെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. ഡിസ്നിപ്ലസ്, എയർ ബംപ്, ഊബർ അങ്ങനെ നിരവധിയായ സർവ്വീസ് പ്രൊവൈഡേഴ്സ് ഉണ്ട്. ഭീമമായ ബിസിനസ്സാണ് ഇതിലൂടെ നടക്കുന്നത്. നമ്മുടെ വീടുകളിലും ചുറ്റുപാടുകളിലുംമാത്രം ശ്രദ്ധിച്ചാൽ മതി. ഹ്യൂജ് ബിസിനസ്സാണ്. അത്തരം ബിസിനസ്സ് നടക്കുമ്പോൾ വലിയതോതിലുള്ള നികുതി ചോർച്ച സംസ്ഥാനത്തുണ്ടാകുന്നു എന്നത് യാഥാർത്ഥ്യമാണ്. നിലവിലുള്ള നിയമങ്ങളൊന്നും ഇതിനെ കൃത്യമായി അഡ്രസ് ചെയ്യുന്നില്ല. എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ചോദിക്കാനുള്ളത് വളരെ ഗൗരവത്തോടുകൂടി ഈ ക്ലൗഡ് ബിസിനസ്സിനെക്കുറിച്ചും ക്ലൗഡ് സർവ്വീസിനെക്കുറിച്ചും കോടികളുടെ നികുതിച്ചോർച്ചയുണ്ടാകുന്ന ഈ മേഖലയെക്കുറിച്ചും

പ്രത്യേകമായൊരു പഠനം നടത്തി ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ : സർ, പ്രസ്തു മേഖലയുടെ കാര്യമാണ് നേരത്തെ ഞാൻ ഇവിടെ പറഞ്ഞത്. നമ്മൾ ഒരിക്കലും കാണാത്ത, നമ്മുടെ മുന്നിലേയ്ക്ക് വരാത്തതരത്തിലുള്ള വ്യാപാരങ്ങളാണ് വരുന്നത്. ആമസോൺ, ഫ്ലിപ്കാർട്ട്, സുഖി, സൊമാട്ടോ എന്നിവ വഴി വസ്ത്രവും ഭക്ഷണവും മറ്റും സാധനങ്ങളും വീടുകളിൽവരും. ഓൺലൈനായി ഒരു പുതിയ സിനിമ ഡൗൺലോഡ് ചെയ്താൽ എന്ത് സർവ്വീസാണ് വരുന്നത്. ഇത് നമ്മുടെ മുന്നിൽ വരുന്നില്ല. ഇതൊരു പ്രശ്നമാണ്. ഇതു കണ്ടുപിടിക്കാൻ വളരെ പ്രയാസമാണ്. ഇതു കണ്ടുപിടിക്കാൻ നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അതിന്റെ ഭാഗമായി 'വിത്ത് ഡാറ്റ ആൻഡ് ഡീറ്റെയിൽസ്'....ഒന്നുരണ്ടുമാസത്തെ റിസർച്ചുംകൂടി നടത്തിയിട്ട് അനലറ്റിക്സ് വിംഗിന്റേത് നോക്കി. നമ്മുടെ പരിമിതിയ്ക്കകത്തുനിന്നുകൊണ്ട് ഒന്നു രണ്ട് മാസത്തെ ഉചിതമായ റിസർച്ചുംകൂടി അനലറ്റിക്കൽ വിംഗിൽ നടത്താം. ഏറ്റവും ശാസ്ത്രീയമായ എല്ലാ വിംഗും ഉണ്ടെന്നൊന്നും ഞാൻ പറയുന്നില്ല; സാധനം വാങ്ങിയിട്ട് ബില്ല് വന്നില്ലല്ലോ

എന്ന് പറയുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇ-വേ ബിൽ വേണമെന്ന് തീരുമാനിച്ചത്. ഓൺലൈനിലൂടെ പ്രത്യേകിച്ചും കാണാൻപറ്റാത്ത ഇത്തരം സർവ്വീസുകൾ വരുന്നുണ്ട്. അതിനെ സംബന്ധിച്ച് കൂടുതൽ പഠിക്കാനും നടപടികൾ സ്വീകരിക്കാനുമുള്ള ശ്രമം സംസ്ഥാന ഗവൺമെന്റ് കൂടുതൽ ശക്തമാക്കും എന്നാണ് ഈ സഭയിൽ പറയാനുള്ളത്.

## ജി.എസ്.ടി., ജി.എസ്.ടി. ഇതര ഇനങ്ങളിലെ പ്രതീക്ഷിത വരുമാനം

(*335) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ :

ശ്രീ. സി. എച്ച്. കുഞ്ഞമ്പു :

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജി.എസ്.ടി., ജി.എസ്.ടി. ഇതര ഇനങ്ങളിൽ പ്രതീക്ഷിച്ചിരുന്നതിൽ കൂടുതൽ വരുമാനം നേടുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പാക്കിയ അവസരത്തിൽത്തന്നെ അത് നടപ്പാക്കുന്നതുമൂലം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടത്തിന് കോമ്പൻസേഷൻ

ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നോ; കേന്ദ്ര സർക്കാരിൽനിന്നും നിലവിൽ ഈ ഇനത്തിൽ തുക ലഭ്യമാകുന്നുണ്ടോ;

(സി) ജി.എസ്.ടി. നിയമങ്ങൾക്കനുസൃതമായി നികുതി ഭരണം കാര്യക്ഷമമാക്കുന്നതിനായി രാജ്യത്ത് ആദ്യമായി വകുപ്പ് പുനഃസംഘടിപ്പിക്കുവാൻ കഴിഞ്ഞുവെന്നത് ഈ രംഗത്തെ നേട്ടമായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ):

(എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്റ്റ് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 -ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവുകണക്കിൽ അഞ്ചുവർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഈ പറഞ്ഞ 5 വർഷ

കാലാവധി ജൂൺ 2022-ൽ അവസാനിച്ചു. സംസ്ഥാനത്തിന് നാളിതുവരെ ജി.എസ്.ടി കോമ്പൻസേഷനായി 43363.51 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) ജി.എസ്.ടി നിയമങ്ങൾക്കനുസൃതമായി നികുതി ഭരണം കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ സമഗ്രമായി പുന:സംഘടിപ്പിക്കുവാൻ കഴിഞ്ഞുയെന്നത് നേട്ടമായി കണക്കാക്കുന്നു. പുന:സംഘടനയെത്തുടർന്ന് വകുപ്പിലെ ജീവനക്കാർക്ക് വിദഗ്ധ പരിശീലനം നൽകുകയും വകുപ്പിന്റെ പ്രവർത്തനങ്ങൾ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്, ഓഡിറ്റ്, ടാക്സ് പെയർ സർവ്വീസസ് എന്നീ പ്രധാന വിഭാഗങ്ങളിലായി പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വിഭാഗത്തിലുമുള്ള ജീവനക്കാർക്ക് പ്രസ്തുത വിഭാഗത്തിന് അനുസൃതമായ രീതിയിൽ മികച്ച പരിശീലനം നൽകിവരുന്നതിലൂടെ നികുതിദായകർക്ക് നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. വകുപ്പ് പുന:സംഘടനയ്ക്കുശേഷം രജിസ്ട്രേഷൻ സംവിധാനം

ഏകീകൃതമാക്കിയതിലൂടെ രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമമാക്കാനും സാധിച്ചിട്ടുണ്ട്.

ആധുനിക സാങ്കേതിക വിദ്യകളടക്കമുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നൽകിയ വിദഗ്ധ പരിശീലനം നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് ജീവനക്കാരെ കൂടുതൽ പ്രാപ്തരാക്കാൻ സഹായിച്ചിട്ടുണ്ട്.

പുന:സംഘടനയിലൂടെ പുതുതായി രൂപീകരിച്ച ഓഡിറ്റ് വിഭാഗം നികുതി ചോർച്ച കണ്ടെത്തുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് അതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന നികുതിദായകരെ ജി.എസ്.ടി നിയമം അനുശാസിക്കുന്ന രീതിയിൽ ഓഡിറ്റ് നടത്തുന്ന സംവിധാനം നികുതി ചോർച്ച കണ്ടെത്തുന്നതിനു കൂടുതൽ സഹായകമാകുന്നുണ്ട്. ഇപ്രകാരം വകുപ്പിന്റെ പ്രവർത്തനങ്ങളെ സ്പെഷ്യലൈസ് ചെയ്യുന്നതിനും ജീവനക്കാരുടെ അതതു പ്രവർത്തന മേഖലകളിലെ പ്രാവീണ്യം വർധിപ്പിക്കുന്നതിനും

പുന:സംഘടനയിലൂടെ സാധ്യമാക്കിയത് സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ കൂടുതൽ ഫലപ്രദമായിട്ടുണ്ട്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ : 2017-ൽ ആണല്ലോ ജി.എസ്.ടി. നിലവിൽ വരുന്നത്; അന്ന് 12% ആയിരുന്ന ജി.എസ്.ടി 2022-ൽ അത് 18 ശതമാനമായി ഉയർത്തി. 2017-ന് മുമ്പ് ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളിൽ കരാറുകാർ ജി.എസ്.ടി നൽകുവാൻ 2017-നുശേഷം നിർബന്ധിതമാകുന്നുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ അന്ന് ജി.എസ്.ടി ഉൾപ്പെടുത്തിയിരുന്നില്ല. ജി.എസ്.ടി-മൂലം അധിക ബാധ്യത കരാറുകാരന് വരുന്നു. അത് വളരെ പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. അതവർക്ക് തിരിച്ചുകിട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: ഇതുസംബന്ധിച്ച് അദ്ദേഹം പറഞ്ഞത് 12% ആയിരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ്. അതിൽ 12 ശതമാനമെന്നത് 18 ശതമാനമാക്കിയിരുന്നു. അതുസംബന്ധിച്ച് കോൺട്രാക്ടർമാർക്ക് നഷ്ടം വരേണ്ടതില്ല. അന്നുണ്ടായിരുന്ന ടാക്സ് മാത്രമേ അവർക്ക് ബാധ്യതയുള്ളൂ. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പും, പി.ഡബ്ല്യു.ഡി.-യും ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന്

സർക്കുലർ നേരത്തെ ഇറക്കിയിട്ടുണ്ട്. അധികം വരുന്ന നികുതി ഗവൺമെന്റ് അഡീഷണലായിട്ട് കൊടുക്കേണ്ടതാണെന്ന് പറഞ്ഞ സർക്കുലർ ഇറക്കിയിട്ടുണ്ട്. അദ്ദേഹം ഉന്നയിച്ച പ്രശ്നം ഏതാണെന്ന് പ്രത്യേകം പരിശോധിച്ചാലെ മനസ്സിലാകൂ. ഇക്കാര്യം 18 ശതമാനമാക്കിയപ്പോൾ തന്നെ തീരുമാനിച്ചിരുന്നതാണ്. പ്രത്യേകം പരിശോധിക്കാവുന്നതാണ്.

(ചോദ്യോത്തരവേള കഴിഞ്ഞു.)